കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൽപ്പറ്റ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്
2015 - 16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി) എം2/70/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് ജില്ല

തീയതി7/2/2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

ചെയർപേഴ്സൺ

(സെക്രട്ടറി മുഖാന്തിരം)

കൽപ്പറ്റ നഗരസഭ.

സർ,

വിഷയം :കൽപ്പറ്റ നഗരസഭ. - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3,3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കൽപ്പറ്റ നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും

ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം ചട്ടം 21(1)(2)(3)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സിനീയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ,

തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)റിജീയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യ വകുപ്പ് ,കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി).എം2/70 /2017

തിയ്യതി:7/2/2017.

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്. (1994 ലെ കേരളാ മുൻസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 10.08.2015 മുതൽ 09.01.2017 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . സുരേന്ദ്രൻ .പി.ബി<br>സിനീയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.01.2017മുതൽ<br>30.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി .ഷീന .കെ.റ്റി<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ നവാസ് കെ എം ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .ബിന്ദു.കെ.കെ<br>അസി.ഓഡിറ്റ് ഓഫീസർ |
| | കുമാരി. ലത.ടി.കെ,<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീ.പി.പി.ആലി | 1.4.15 -31.10.15 |
| | ശ്രീമതി.ബിന്ദു.ജോസ് | 12.11.15 -30.3.16 |
| വൈസ് ചെയർപേഴ്സൺ | ശ്രീമതി.കെ.കെ.വത്സല | 1.4.15 -31.10.15 |
| | ശ്രീ.എ.പി.ഹമീദ്. | 12.11.15 -30.3.16 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീ.ടി.ജെ.ഐസക് | 1.4.15 -31.10.15 |
| | ശ്രീമതി.സരോജിനി ഓടമ്പത്ത് | 12.11.15 -30.3.16 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി,ഉമൈബ മൊയ്തീൻകുട്ടി | 1.4.15 -31.10.15 |
| | ശ്രീ.പി.പി.ആലി | 12.11.15 -30.3.16 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം ) | ശ്രീഎ.പി.ഹമീദ് | 1.4.15 -31.10.15 |
| | ശ്രീമതി.കെ.അജിത | 12.11.15 -30.3.16 |
| സ്റ്റാൻഡിംഗ്കമ്മിറ്റി | ശ്രീകേയനൊടി മുജീബ് | 1.4.15 -31.10.15 |

| | | |
|---|---|---|
| | റഹ്മാൻ | |
| ചെയർമാൻ (വിദ്യാഭ്യാസം) | ശ്രീമതി.സനിത ജഗദീഷ് | 12.11.15 -30.3.16 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (പൊതുമരാമത്ത് ) | ശ്രീമതി.പി.പി .ശോശാമ്മ | 1.4.15 -31.10.15 |
| | ശ്രീ.ടി.ജെ.ഐസക് | 12.11.15 -30.3.16 |

(1.11.2015 മുതൽ 11.11.2015 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി)
(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.മനോഹർ | 1.4.15 മുതൽ 5.1.16 വരെ |
| | ശ്രീ.ലയണൽ ഹാർവി സ്ഫടികം (അധിക ചുമതല) | 6.1.16മുതൽ 1.3.16 വരെ |
| | ശ്രീ.കെ.ജി.രവീന്ദ്രൻ | 2.3.16 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| മുനിസിപ്പൽ എൻജിനീയർ | ശ്രീ.ലയണൽ ഹാർവി സ്റ്റടികം | 1.4.15 മുതൽ 31.3.16 വരെ |
| പട്ടികജാതിവികസന ഓഫീസർ | ബാബുരാജൻ എം.എൻ | 1.4.15 മുതൽ 17.1.16 വരെ |
| | ശ്രീ.ദയിമോൻ.ജി.എസ്. | 18.1.16 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.സച്ചിൻകുമാർ | 1.4.15 മുതൽ 31.3.16 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഇന്ദിര .കെ.വി | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.വിന്നി ജോസഫ് | 1.4.15 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| | | |
| കൃഷി ഓഫീസർ | രാജി വർഗ്ഗീസ് | 1.4.15 മുതൽ 31.3.16 വരെ |
| പ്രിൻസിപ്പാൾ | ശ്രീ.രാമചന്ദ്രൻ.എം.ആർ | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം

| | | |
|---|---|---|
| | 1-1 | ബജറ്റ് |
| 3 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 4 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 5 | 1-4 | സാമ്പത്തിക വിശകലനം |
| 6 | 1-5 | ഫണ്ട് വിനിയോഗം |
| 7 | 1-6 | പദ്ധതി അവലോകനം. |
| 8 | 1-7. | ക്ഷേമപദ്ധതികൾ |

| | | |
|---|---|---|
| 9 | 1-8 | തനത് വരുമാനം. തനത് വരുമാനം |
| 10 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-10 | ആഭ്യന്തരനിയന്ത്രണം,രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് |
| 12 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 13 | 1-12 | വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല. |
| 14 | 2-1 | കൽപ്പറ്റ നഗരസഭ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല |
| 15 | 2-2 | മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി - കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നില്ല |
| 16 | 3-1 | രോഗപ്രതിരോധപ്രവർത്തനം-പദ്ധതിനടത്തിപ്പിലെ അപാകങ്ങൾ |
| 17 | 3-2 | ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. |
| 18 | 3-3 | ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല |
| 19 | 3-4 | കുറഞ്ഞ നിരക്കിൽ ടെണ്ടർ അംഗീകരിക്കാത്തതിനാൽ നഷ്ടം.199937 രൂപ |
| 20 | 3-5 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി |

| | | |
|---|---|---|
| 21 | 3-6 | കൺസോളിഡേഷൻ കുറവു വരുത്താത്തതിനാൽ നഷ്ടം |
| 22 | 3-7 | മെയിന്റനൻസ് ഫണ്ട് വക മാറ്റി ചെലവഴിച്ചു. |
| 23 | 3-8 | കോട്ടഞ്ചിറ കോളനി ഫുട്പാത്ത് ,ഡ്രയിനേജ്- 118916 രൂപയുടെ ചെലവുരേഖകൾ ഇല്ല. |
| 24 | 3-9 | ഗുണഭോക്തൃസമിതി രേഖകൾ ഹാജരാക്കിയില്ല. |
| 25 | 3-10 | ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നു. |
| 26 | 3-11 | 2015-16 വർഷത്തെ ഓഡിറ്റ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ യൂണിഫോം,കുട,ബാഗ് വിതരണം പ്രോജക്റ്റ് അപാകതകൾ |
| 27 | 3-12 | വിവിധ വാർഡുകളിൽ എൽ.ഇ.ഡി.street light സ്ഥാപിക്കൽ-തുക തടസ്സപ്പെടുത്തുന്നു |
| 28 | 3-13 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ-പദ്ധതിനടത്തിപ്പിലെ അപാകങ്ങൾ |
| 29 | 3-14 | വികലാംഗർക്ക് പെട്ടിക്കട - പ്ലാൻ ഫണ്ട് 10000/-രൂപ മുൻസിപ്പൽ ഫണ്ടിൽ അടവാക്കി |
| 30 | 3-15 | വിദ്യാഭ്യാസ പത്രിക - ചെലവ് രേഖകൾ കൃത്യമല്ല |

| | | |
|---|---|---|
| 31 | 3-16 | ഐ.ഡി.എസ്.എസ്.എം.റ്റി.സ്ഥലമെട്ടപ്പ് ബാക്കി തുക -നല്കിയത്-കൈപ്പറ്റ് രശീത്ഹാജരാക്കിയിട്ടില്ല |
| 32 | 3-17 | അംബുലൻസ് ഡ്രൈവറുടെ ദിനബത്ത അനുവദിക്കുന്നില്ല |
| 33 | 3-18 | ഇ ടോയ് ലറ്റ്-AMC ഇല്ലാത്ത കെൽട്രോണിന് 61200 രൂപ നൽകി |
| 34 | 3-19 | ഗ്യാസ് ക്രിമിറ്റോറിയം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. |
| 35 | 3-20 | തെരുവു വിളക്കുകൾ LED ലൈറ്റ് ആക്കി മാറ്റിയിട്ടും കൂടിയ നിരക്കിൽ വൈദ്യുതി ചാർജ് അടക്കുന്നു. |
| 36 | 3-21 | തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റ പണി |
| 37 | 3-22 | തെരുവു വിളക്കുകളുടെ കണക്ക് കാലികമല്ല. |
| 38 | 3-23 | കന്നുകുട്ടി പരിപാലനം പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താക്കൾക്കായി അടച്ച തുക തിരികെ ലഭ്യമാക്കണം |
| 39 | 3-24 | വെള്ളക്കരം |
| 40 | 3-25 | വാഹനങ്ങളുടെ ലോഗ് ബുക്ക് |
| 41 | 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 42 | 4-2. | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |

| | | |
|---|---|---|
| 43 | 4-3. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 44 | 4-4 | . വായ്പ/ വായ്പ തിരിച്ചടവ് |
| 45 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 46 | 4-6. | ഓഡിറ്റ് റിക്കവറി |
| 47 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 48 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| | 4-9. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16.വർഷത്തെ ബജറ്റ് 24.02.2016 ലെ 01/2016 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

താരതമ്യം ചെയ്യാൻ കഴിഞ്ഞ വരവിനങ്ങളുടെ വിവരം - ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും പൊരുത്തപ്പെടുന്നില്ല-ബജറ്റ് തയ്യാറാക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 293-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല.യഥാർഥത്തിലുള്ള ഡിമാന്റിനെക്കാൾ വ്യത്യാസമായ തുകകളാണ് ബജറ്റിൽ കാണിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻഡ് | വ്യത്യാസം (-)/(+) |
|---|---|---|---|
| കെട്ടിട നികുതി | 1,60,00,000 | 1,50,98,500 | (-) 9,01,500 |
| തൊഴിൽ നികുതി | 1,31,00,000 | 1,07,61,480 | (-) 23,38,520 |
| വാടക | 51,00,000 | 49,04,468 | (-) 1,95,532 |
| പരസ്യം | 2,75,000 | 2,78,241 | (+)3241 |
| ഡി. ആന്റ്. ഒ ലൈസൻസ് | 14,00,000 | 11,56,150 | (-) 2,43,850 |
| വിനോദ നികുതി | 40,00,000 | 24,48,486 | (-) 1551514 |
| പെർമ്മിറ്റ് ഫീ | 20,00,000 | 10,35,340 | (-) 9,64,660 |
| സേവന നികുതി | ------- | -------- | --------- |
| ലേലങ്ങൾ മറ്റുള്ളവ | 44,82,500 | 41,34,250 | (-) 3,48,250 |

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് പാസ്സാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 23.7.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

## നല്ലിയതിന്റെ വിവരം.

വാർഷിക കണക്കുളിലെ അപാകതകൾ 2015-16 വാർഷിക കണക്കുൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. കൽപ്പറ്റ നഗര സഭയുടെ വാർഷിക കണക്കിലെ ഷെഡ്യൂൾ RP40 (a) യിലെ എസ്.ബി.റ്റി.തനതുഫണ്ട് അക്കൗണ്ടിലെ തുകയും വാർഷികകണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

   RP-40(b) യിലെ പോസ്റ്റ് ഓഫീസ് അക്കൗണ്ട് , ട്രഷറി എസ്.ബി.അക്കൗണ്ട് (പി.എഫ്), Treasury അക്കൗണ്ട് നമ്പർ 186, – Treasury അക്കൗണ്ട് നമ്പർ റ്റി.പി.എ.50, Treasury അക്കൗണ്ട് നമ്പർ റ്റി.പി.എ.107 ,Treasury അക്കൗണ്ട് നമ്പർ റ്റി.പി.എ.108 എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

2. ഷെഡ്യൾ R.P 24 ൽ UIDSMT വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.
3. ഷെഡ്യൾ R.P 6 ൽ സ്പെഷ്യൽ ഗ്രാന്റ് 376348 വ്യക്തമല്ല.
4. ഷെഡ്യൾ R.P 6 ൽ ജനറൽ പർപ്പസ് വരവ് 9469000 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ജനറൽ പർപസ് ഫണ്ട് വരവ് സംബന്ധിച്ച് വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല.
5. ഷെഡ്യൾ R.P 6 ൽ ഗ്രാന്റ് ഫോർ ഫെസ്റ്റിവൽസ് 146550 എന്താണെന്ന് വ്യക്തമല്ല.
6. വികസനഫണ്ടിൽ നിന്നും ചെലവു നടത്തിയ ഒരു കോടി രൂപ ഷെഡ്യൾ R.P 6 ൽ വരവായി കാണിച്ചിരിക്കുന്നു.
7. ഷെഡ്യൾ R.P 9 ൽ contribution twowards special fund 60000 കാണിച്ചത് എന്താണെന്ന് വ്യക്തമല്ല.
8. ബാങ്ക് പലിശ ആയി 916131 രൂപ വാർഷികകണക്കിൽ കാണിച്ചത് എന്താണെന്ന് വിശദീകരിച്ചിട്ടില്ല.
9. വിവിധ നികുതി,നികുതി ഇതര ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (വസ്തു നികുതി, തൊഴിൽ നികുതി, ബിൽഡിംഗ് പെർമിറ്റ്, ബിൽഡിംഗ് റഗുലറൈസേഷൻ തുടങ്ങിയ ഉൾപ്പടെ)
10. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കണം.
11. തൊഴിൽ രഹിത വേതനം RP 6 ൽ 180000/- ഷെഡ്യൂൾ 1-6 ൽ 264000/- രൂപ. വിശദീകരിക്കേണ്ടതാണ്.
12. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻവർഷം വർക്കുകൾ ഉൾപ്പടെ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തുന്നതിനായി ടെണ്ടർ നടത്തിയിരുന്നെങ്കിലും ടെണ്ടർ ഫോറം വിൽപ്പന വരവ് വളരെ തുച്ഛമാണ്.

13. രശിത് & പേമെൻറ് അക്കൗണ്ട് RP 24 (മുനിസിപ്പലിറ്റിയുടെ വാർഷിക കണക്ക് പ്രകാരമുള്ളത്) എന്നിവയിലെ വിവിധ വരവ് രേഖപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

14. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

15. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്ടുകളിലായി ഫർണിച്ചറുകൾ , കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. ഇവയൊന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. മാത്രമല്ല ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഇത്തരം വാങ്ങലുകൾ നടത്താത്തതും നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

16. ഇ.എം.എസ് ഭവന പദ്ധതി വായ്പ, നാളിതുവരെ കണക്കാക്കിയ പലിശ, പലിശയിനത്തിൽ നാളിതുവരെ സർക്കാർ ബാങ്കുകൾക്ക് നൽകിയ തുക ഇവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

17. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

18. ICDS, തുടങ്ങി പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

19. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് A+B+C , വാർഷിക കണക്കിലെ മുൻബാക്കിയും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.

20. ജി.ഒ.(പി)419/15/ഫിൻ/19/09/2015 പ്രകാരമുള്ള കൃത്യമായ കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

21. തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

22. നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖേന പിരിച്ചെടുക്കുന്ന വാറ്റ്/ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

23. പിരിഞ്ഞു കിട്ടാൻ സംശയാസ്പദമായ തുകകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

24. വസ്തു നികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് ജേർണൽ എൻട്രി നടത്തിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

25. 2014 -15 വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല .

ഈ വിഷയങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ 32/15-16തീയതി 27/1/2017 പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽ പ്പെടുത്തിയെങ്കിലും മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് മറുപടി നൽകേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7,84,79,859.88 |
| വരവ് | 19,01,55,980 |
| ആകെ | 26,86,35,839.88 |
| ചെലവ് | 23,16,22,861 |
| നീക്കിയിരിപ്പ് | 3,70,12,978.88 |

# 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| പ്ലാൻ ജനറൽ (വികസന ഫണ്ട്, സി.എഫ്. സി, ലോകബാങ്ക് വിഹിതം) | 23139870 | 54981857 | 6761759 | 84883486 | 58822811 | 26060675 | 0 |
| പ്ലാൻ എസ്.സി.പി | 5379687 | 6804000 | - | 12183687 | 6819198 | 3180168 | |
| പ്ലാൻ ടി.എസ്.പി | 6915439 | 11532000 | | 18497439 | 10876423 | 2993585 | |
| എം.ജി. നോൺ റോഡ് | 1884729 | 7524000 | - | 9408728 | 2970993 | 6437735 | |
| എം.ജി. റോഡ് | 1589676 | 11840000 | - | 13429696 | 10275560 | 3154136 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ജനറൽ പർപ്പസ് | 3267163 | 9469000 | - | 12766163 | 7000009 | - | 5736154 |
| ബി. ഫണ്ട്. | - | 3118837 | - | 3118837 | 3118837 | - | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | 776832 | 40170145 | - | 40946977 | 40080172 | - | 866805 |
| തനത് | 35526444 | 91285134 | - | 126809578.00 | 96399559 | - | 30412019.00 |
| വായ്പ | - | 40414329 | | 40414329 | 40414329 | | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 135861442 | 162 | 89772985 | 65 | 36 | 62 |

# 1-7. ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 180000 | 109 |
| കർഷകതൊഴിലാളി പെൻഷൻ | 1871100 | 250 |
| വിധവാപെൻഷൻ | 81,38,000 | 1152 |
| വാർദ്ധക്യകാലപെൻഷൻ | 7242690 | 1383 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1799635 | 253 |

## 1-8 തനത് വരുമാനം. തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് /കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 46,41,809 | 43,31,364 | 310445 | (-)6.69 |
| നികുതിയേതര വരവുകൾ | 9,66,487 | 10,48,154 | 81,667 | (+)8.45 |
| മറ്റ് വരവുകൾ | 3,24,796 | 4,14,501 | 89,705 | (+)89705 |
| ആകെ | 59,33,092 | 57,94,019 | 139073 | (-)2.34 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2017ന്3.15pmമണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ മുപ്പത്തിരണ്ടായിരത്തി മൂന്നൂറ്റി പതിമൂന്ന് രൂപാമാത്രം (32313/-) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം,രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ട്. ഓഫീസ് ഓർഡർ നൽകുകയും ചെയ്യുന്നുണ്ട്. പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും അവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. തപാലുകൾ സെക്ഷനിലേക്ക് നൽകുന്നതിന്റെ തീർപ്പാക്കലുകൾ നിരീക്ഷിക്കാൻ കഴിയുന്നില്ല. പഞ്ചായത്ത് യോഗങ്ങളുടെ തീരുമാനം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, വസ്തു നികുതി അനുബന്ധ രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമല്ല | 2014-15 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.07.2016 മുതൽ 16.06.2016 വരെ | 2011-12 മുതൽ 2015-16 വരെ | LBA(HQ)ii/8A-240/166/25.8.16 |

## 1-12 വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണമാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തീയതി 16.11.13 പ്രകാരം പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 13 വർക്കിംഗ് ഗ്രൂപ്പുകൾ നഗരസഭയിൽ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്തിട്ടില്ല. തൻവർഷം ചേർന്ന യോഗത്തിൽ പ്രോജക്റ്റുകൾ സംബന്ധിച്ച ചർച്ചകൾ മാത്രമാണ് നടന്നത്. നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കൽപ്പറ്റ നഗരസഭ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 230,231,233 വകുപ്പ് പ്രകാരവും തദ്ദേശ സ്വയംഭരണവകുപ്പിന്റെ 14.01.2011ലെ സ.ഉ (അ) നം.18/2011ഉം 19/2011പ്രകാരമുള്ള 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും പഴയ നികുതിദായകർക്ക് 01/04/2011 മുതലും പുതിയ നികുതിദായകർക്ക് 01/04/2013 മുതലും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും ,മേഖലാടിസ്ഥാനത്തിലും, ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലും നികുതി നിർണ്ണയം ബാധകമാക്കി നികുതി നിർണ്ണയിക്കുന്നതിനും, പഴയ കെട്ടിടങ്ങൾക്ക് നികുതി പുനർണ്ണയിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്.

വസ്തു നികുതി പരിഷ്കരണത്തിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും കൽപ്പറ്റ നഗരസഭ നാളിതുവരെ വസ്തുനികുതി പരിഷകരണം നടപ്പിലാക്കിയിട്ടില്ല.

മേൽ പ്രതിപാദിച്ച അവശ്യ വിവരങ്ങൾ ഉൾപ്പെടുത്തി 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മുൻസിപ്പാലിറ്റി പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പൂർണ്ണ സംഖ്യയിൽ മുൻസിപ്പാലിറ്റി പ്രമേയം മൂലം നിശ്ചയിക്കേണ്ടതും കൌൺസിൽ അന്തിമമായി നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകളും അവ പ്രാബല്യത്തിലിരിക്കുന്ന കാലയളവും വ്യക്തമാക്കുന്ന വിജ്ഞാപനം സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എന്നാൽ കൽപ്പറ്റ നഗരസഭ നാളിതുവരെ (2015-16) ഇത്തരത്തിലുള്ള വസ്തുനികുതി പരിഷ്കരണം

ആരംഭിക്കുകയോ അടിസ്ഥാന വസ്തുനികുതി നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല,വസ്തുനികുതി നിർണ്ണയ (സഞ്ചയ) സോഫ്റ്റ് വെയറിൽ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്രധാന വരുമാന ഇനമായ വസ്തുനികുതിയിനത്തിൽ മുൻസിപ്പൽ ഫണ്ടിന് ഭീമമായ വരുമാന നഷ്ടം സംഭവിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്.

നികുതി പുനർനിർണ്ണയിക്കാത്തതിനാൽ നഷ്ടം സംഭവിച്ചതിന് ഉദാഹരണം താഴെ ചേർക്കുന്നു.

ശ്രീ കുഞ്ഞബ്ദുള്ള മുതൽ പേരുടെ പേരിലുള്ള 549/2 സർവ്വേ നമ്പറിൽ പ്പെട്ട 117.52 സെന്റ് സ്ഥലത്ത് നാല് നിലകളിലായി മെഷീൻ റൂം ഉൾപ്പെടെ ആകെ 2498.14 m2 തറവിസ്തീർണ്ണമുള്ള ഒരു വാണിജ്യ സ്ഥാപനം 30.10.2013 ൽ പൂർത്തിയാവുകയും XI/72(1),XI/72(2),XI/72(3),XI/72(4) എന്ന് കെട്ടിട നമ്പറിൽ താഴെ പറയും പ്രകാരം നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

<u>നിലകളുടെ വിസ്തീർണ്ണം.</u>

താഴത്തെ നില - 518.22m2

ഒന്നാം നില - 635.34m2

രണ്ടാം നില - 635.34m2

മൂന്നാം നില - 635.34m2

മെഷീൻ റൂം - 73.90m2

2498.14m2

<u>കണക്കാക്കിയ വസ്തു നികുതി.</u>

1.XI/72(1) താഴത്തെ നില

തറവിസ്തീർണ്ണം - 518.22m2

വാർഷിക നികുതി - 62184 +3110 =65294

അർദ്ധവാർഷിക നികുതി 31092+ 1555 = 32647

2.XI/72(2) ഒന്നാം നില

തറവിസ്തീർണ്ണം - 635.m2

വാർഷിക നികുതി- 62184 +3110=65294

അർദ്ധവാർഷിക നികുതി – 38118+1906 =40024

3.XI/72(3) രണ്ടാം നില

തറവിസ്തീർണ്ണം 635.m2

വാർഷിക നികുതി 76236+3812 =80048 (ലൈബ്രറി സെസ് ഉൾപ്പെടെ

അർദ്ധവാർഷിക നികുതി 38118+1906 =40024

4.XI/72(4) മൂന്നാം നില

തറവിസ്തീർണ്ണം 635.m2

വാർഷിക നികുതി ലൈബ്രറി സെസ് 5%ൾപ്പെടെ 76236+3812 =80048

അർദ്ധവാർഷിക നികുതി 38118+1906 = 40024

ആകെ ഈടാക്കിയ വസ്തു നികുതി = 65294+80048+ 80048+ 80048

=305438/-രൂപ

എന്നാൽ 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഈ കെട്ടിടം 200 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യസ്ഥാപനം എന്ന ഉപയോഗക്രമത്തിലാണ് വരുന്നത്. കൽപ്പറ്റ നഗരസഭയുടെ 29.6.2016ലെ തീരുമാനം നമ്പർ 12 പ്രകാരം (അന്തിമ വിജ്ഞാപനം പ്രകാരം) 200 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യസ്ഥാപനതിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 120/- രൂപ എന്നും സ്ഥാപനത്തിന്റെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിന്റെയും മേഖലാടിസ്ഥാനത്തിൽ ഒന്നായി നികുതി നിർണ്ണയിക്കുകയും ചെയ്താൽ ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

ആകെ തറവിസ്തീർണ്ണം = 2498.14ചതുരശ്രമീറ്റർ

നികുതി = 2498.14x120

= 299776.8

മേഖല അടിസ്ഥാനത്തിൽ

നാഷണൽ ഹൈവേയുടെ പ്രവേശനത്തിന്റെ

അടിസ്ഥാനത്തിൽ വർദ്ധനവ് 30% = 89933

തറയുടെ അടിസ്ഥാനത്തിൽ വിട്രിഫൈഡ് ടൈൽ

എന്ന കണക്കാക്കിയാൽ 15% = 44967

എയർ കണ്ടീഷൻ 10% =29978

ആകെവാർഷികവസ്തുനികുതി = 299776.8+89933+44967+29978 = 464655

നഗരസഭ ഈടാക്കിയ വസ്തുനികുതിയും പുനർനിർണ്ണയിച്ചതിന് ശേഷം ഈടാക്കേണ്ട വസ്തുനികുതിയും തമ്മിലുള്ള വ്യത്യാസം = 1,59,217/- രൂപയാണ്.

മേൽ അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ

ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കി പ്രധാന വരുമാന ഇനമായ വസ്തു നികുതിയിനത്തിൽ പഴയ നികുതിദായകർക്ക് 01/04/2011 മുതലും പുതിയ നികുതിദായകർക്ക് 01/04/2013 മുതലും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും, മേഖലാടിസ്ഥാനത്തിലും, ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലും നികുതി നിർണ്ണയിക്കുന്നതിനും, പഴയ കെട്ടിടങ്ങൾക്ക് നികുതി പുനർണ്ണയിച്ചും മുൻസിപ്പൽ ഫണ്ടിന് ഉണ്ടാവുന്ന ഭീമമായ വരുമാന നഷ്ടം ഒഴിവാക്കുന്നതിന് മുൻസിപ്പൽ സെക്രട്ടറിയും മുൻസിപ്പൽ കൗൺസിലും ശ്രദ്ധിക്കേണ്ടതും മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 2-2 മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി - കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നില്ല

ഓഡിറ്റിന് ഹാജരാക്കിയ മൊബൈൽ ടവർ അനുബന്ധ ഫയലിൽ നിന്ന് ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു. അവയുടെ തറവിസ്തീർണ്ണവും കുടിശ്ശിക വിവരവും നികുതി നിർണ്ണയം നടത്തിയത് തറ വിസ്തീർണ്ണം അടിസ്ഥാനമാക്കിയാണോ എന്നുള്ള വിവരവും ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | അസ്സസ്മെന്റ് നമ്പർ | ഉടമസ്ഥൻ/ കമ്പനി | തറ വിസ്തീർണ്ണം | ഈടാക്കാനുള്ള കുടിശ്ശിക വിവരം | എന്ന് മുതൽ വസ്തു നികുതി ഈടാക്കണം |
|---|---|---|---|---|---|
| 1 | 15/135(1) | ബി.എസ്.എൻ.എൽ | 40 m2 | ലഭ്യമല്ല | 2009- 10 മുതൽ 2015 -16 വരെ |
| 2 | 18/216(2) | ബി.എസ്.എൻ.എൽ | ------- | ലഭ്യമല്ല | 2009- 10 മുതൽ 2015 -16 വരെ |
| 3 | 12/386/യു.എ | ഇൻഡസ് ടവർ | -------- | ലഭ്യമല്ല | |
| 4 | 198(1) യു.എ | ഇൻഡസ് ടവർ | -------- | ലഭ്യമല്ല | |

| | | | | | |
|---|---|---|---|---|---|
| 5 | 16 | വോഡഫോൺ | ------ | ലഭ്യമല്ല | |
| 6 | 13/268(1) | റിലയൻസ് കമ്മ്യൂണിക്കേഷൻ | 53.6m | ലഭ്യമല്ല | 2002-03 മുതൽ |
| 7 | 12/348(1) | വയർലെസ് ഇൻഡോ ടെലി സർവ്വീസ് | | ലഭ്യമല്ല | 2012-13 മുതൽ |
| 8 | 1/8(1) | ഇൻഡസ് ടവർ പുളിയാർമല | | ലഭ്യമല്ല | 2013-14 മുതൽ |
| 9 | 7-6(2) | എം.കെ നാരായണൻ<br>ഐഡിയ ടവർ, എസ്സാർ ടെലികോം,ഇൻഫ്രാ സ്ട്രക്ചർ, പ്രൈ.ലിമിറ്റഡ് | | ലഭ്യമല്ല | 2015 -16 മുതൽ |
| 10 | 10/178 (1) | ടവർ വിഷൻ ഇന്ത്യ | | ലഭ്യമല്ല | 2012-13 മുതൽ |
| 11 | 9/ 229(13) | ടാറ്റാ മൊബൈൽ ടവർ | | ലഭ്യമല്ല | 2005-06മുതൽ |
| 12 | 21/116(1) | ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ് | | ലഭ്യമല്ല | 2015 -16 മുതൽ |

19.09.2012 ലെ സർക്കാർ ഉത്തരവ് (ആർ.ടി) 2640/2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവ്വറുകൾക്ക് വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ കൽപ്പറ്റ നഗരസഭ പരിധിയിൽ നാളിതുവരെ പ്രവർത്തനക്ഷമമായ ക്രമ നമ്പർ 1,2 എന്നീ ബി.എസ്.എൻഎൽ മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

മേൽ പരാമർശിച്ച മൊബൈൽ ടവറുകളുടെ ഉൾപ്പെടെ നഗരസഭ പരിധിയിൽ നാളിതുവരെ അനുവദിച്ച മൊബൈൽ, ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ പെർമിറ്റ് നൽകിയതിന്റെയും നികുതി നിർണ്ണയിക്കപ്പെട്ടതിന്റെയും ഈടാക്കിയതിന്റെയും കൃത്യമായ വിവരങ്ങളും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ പകർപ്പ് സഹിതം ഓഡിറ്റിന് എന്ന് ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് മുൻസിപ്പൽ സെക്രട്ടറി നൽകിയ മറുപടിയിൽ VII/6(2),XII/348(1),X/178(1), XXI/116(1)18(1) എന്നീ ഡിമാന്റ് നമ്പറിലുള്ള നികുതി അടവാക്കിയിട്ടുണ്ടെന്നും തറവിസ്തീർണ്ണ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയം 21.01.2017 ലെ 17-ാം നമ്പർ തീരുമാനപ്രകാരം നടപ്പിലാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നൽകിയ മറുപടിയിൽ പരാമർശിച്ച വിവരങ്ങൾ അസ്സ്മെൻറ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. മൊബൈൽ ടവർ ഇടമസ്ഥരിൽ നിന്നും കൃത്യമായ നികുതി ഈടാക്കാത്തതും കുടിശ്ശിക വിവരങ്ങൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കാത്തതും നഗരസഭയുടെ തനത് ഫണ്ട് വരുമാനത്തിൽ വലിയ ചോർച്ചയാണ് സൃഷ്ടിച്ചിട്ടുള്ളത്.

എന്നാൽ നികുതി നിർണ്ണയിച്ചതിന്റെയും അടവാക്കിയതിന്റെയും കൃത്യമായ വിവരങ്ങളും കുടിശ്ശിക വിവരങ്ങളും ലഭ്യമല്ല. നഗരസഭ പരിധിയിൽ നാളിതുവരെ അനുവദിച്ച മൊബൈൽ, ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ പെർമിറ്റ് നൽകിയതിന്റെയും നികുതി നിർണ്ണയിക്കപ്പെട്ടതിന്റെയും ഈടാക്കിയതിന്റെയും കൃത്യമായ വിവരങ്ങൾ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 രോഗപ്രതിരോധപ്രവർത്തനം-പദ്ധതിനടത്തിപ്പിലെ അപാകങ്ങൾ

ഓഡിറ്റ് വർഷം നടപ്പാക്കിയ രോഗപ്രതിരോധപ്രവർത്തനം പദ്ധതിനടത്തിപ്പിൽ അപാകങ്ങൾ കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ - 43/16

പ്രോജക്ട് - രോഗപ്രതിരോധപ്രവർത്തനം

നിർവഹണം - മെഡിക്കൽ ഓഫീസർ ,ഗവൺമെന്റ് ഹോസ്പിറ്റൽ

ഫണ്ട് - വികസനഫണ്ട്.

ബിൽ നം. - 7/15-16/28.3.2016

അടങ്കൽ - 50000

ചെലവ് - 50000

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ രോഗപ്രതിരോധ പ്രവർത്തനം എന്ന പ്രോജക്ടിൽ ഹെൽത്ത് എഡ്യുക്കേഷൻ ക്ലാസ്സുകൾ നടത്തിയതും പൾസ് പോളിയോ പ്രവർത്തനങ്ങളും നടത്തിയതും മാത്രമായ വൌച്ചറുകളാണ് കാണുന്നത്. പല ദിവസങ്ങളിലായി ക്ലാസ്സുകൾ എടുത്തതായി കാണുന്നുണ്ടെങ്കിലും ക്ലാസ്സുകൾ ആരാണ് എടുത്തത് എന്ന കാര്യം ഫയലിൽ വ്യക്തമല്ല. 12-)ം പദ്ധതി മാർഗ്ഗരേഖ

ജി.ഒ.(എം.എസ്) 362/2013 ത.സ്വ.ഭ.വ 16.11.13 പ്രകാരം, ഉൽപ്പാദനപരമല്ലാത്തപരിപാടികളായബോധവൽക്കരണക്യാമ്പുകൾമേളകൾ,ഉത്സവങ്ങൾ, സെമിനാറുകൾ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ ഭാഗമാക്കാൻ പാടുള്ളതല്ല. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി നടത്തിയ ചെലവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 29/15-16/28.01.2017ന് മെഡിക്കൽ ഓഫീസർ വിശദീകരണം നൽകാത്ത സാഹചര്യത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

നഗരസഭയിൽ ഗുണഭോക്തൃസമിതി മുഖേന നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ഗുണഭോക്തൃസമിതികൾ രൂപീകരിച്ചത് എന്ന് കണ്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖപ്രകാരം ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും ഗുണഭോക്തൃ പ്രദേശത്തെ അംഗങ്ങളാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ഇതിനുപുറമേ പ്രവൃത്തി നിർവ്വഹണത്തിന്റെ രേഖകൾ പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1. മിനുട്ട്സ് ബുക്ക് : ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം , എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.
2. മസ്റ്റർറോൾ :മസ്റ്റർറോളികളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്.
3. ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപ്പാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ബാങ്ക് അക്കൗണ്ടിന്റെ രേഖയില്ല (ബാങ്ക് പാസ്സ് ബുക്ക്).
4. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.
5. ദൈനന്യന്തിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. വൗച്ചറുകളിൽ ചെയർമാൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
7. പല ഫയലുകളിലും ഗുണഭോക്തൃസമിതിയുടെ രേഖകൾ വെച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 18/15-16 ,തീയ്യതി 27.3.17 ന് നൽകിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകി. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല

2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം താഴെ കൊടുത്ത നിർമ്മാണ സാധനങ്ങൾക്ക് 14.5 % നിരക്കിൽ മൂല്യവർദ്ധിത നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ചരക്ക് | പട്ടിക | നികുതി നിരക്ക് |
|---|---|---|---|
| 2249 | STONE CRUSHED | V | 14.5 |

| | | | |
|---|---|---|---|
| 6244 | M SAND | V | 14.5 |

2015-16 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്കെല്ലാം മേൽ പട്ടികയിലെ ഇനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ശരിയായ ബില്ലിന് പകരം കൈപ്പറ്റ് രശീതുകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോൺ ക്രഷറുകൾക്ക് വാറ്റ് രജിസ്ട്രേഷൻ ഉള്ളതിനാൽ നിർമ്മാണ സാധനങ്ങൽ വാങ്ങിക്കുമ്പോൾ മൂല്യവർദ്ധിത നികുതി രേഖപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ തന്നെ വാങ്ങിക്കേണ്ടതാണ്. ഒറിജിനൽ ബില്ലുകൾ വാങ്ങിക്കാത്ത സാഹചര്യത്തിൽ സർക്കാർ ഖജനാവിന് വൻ നികുതി ചോർച്ച ഉണ്ടാകുന്നു. ഭാവിയിൽ ഇത്തരം വിഷയങ്ങൾ തടയുന്നതിന് ഭരണ സമിതി നടപടിയെടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 19/15-16, തീയ്യതി 27.3.17 ന് നൽകിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകി. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 3-4 കുറഞ്ഞ നിരക്കിൽ ടെണ്ടർ അംഗീകരിക്കാത്തതിനാൽ നഷ്ടം.199936/- രൂപ

2015-16 വർഷം മുനിസിപ്പൽ എഞ്ചിനീയർനടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ കുറഞ്ഞ നിരക്കുകളിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ നഷ്ടം സംഭവിച്ചു.

1. പ്രോജക്റ്റ് നമ്പർ-171/15-16

പ്രോജക്റ്റ് - റാട്ടക്കൊല്ലി പുത്തൂർവയൽ മിനി ബൈപ്പാസ് റോഡ്

ടെണ്ടർ തീയതി - 22.1.16

അടങ്കൽ -1500000

ഫണ്ട് – മെയിൻറനൻസ് ഫണ്ട് (റോഡ്)

അളവുപുസ്തകം -130/15-16

എഗ്രിമെന്റ് നമ്പർ -196/15-16/10.2.16

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-15.1% കുറവ്, കെ.സി.അഷ്റഫ് അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-10% കുറവ്, സെക്രട്ടറി, കൽപ്പറ്റ സോൺ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി.

വൗച്ചർ നമ്പർ – 91/15-16/4.4.16 (ട്രഷറിയിൽ നിന്നും 31/3/2016 ന് തുക പിൻവലിച്ചു)

ആകെ പ്രവൃത്തിയുടെ മൂല്യം - 1500000

അധികം നൽകിയ തുക - (1500000 x15.1/100-1500000 x10/100)

=226500-150000= 76500

2.പ്രോജക്റ്റ് നമ്പർ - 224/15-16

പ്രോജക്ട് - പെരുന്തട്ട പള്ളി റോഡ് കോൺക്രീറ്റ്

ടെണ്ടർ തീയതി-31.8.15

അളവുപുസ്തകം-79/15-16

എഗ്രിമെന്റ് നമ്പർ-161/15-16/31.12.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-21 % കുറവ്,കെ.ബി.രാജേശ്വരി.

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-15.1% കുറവ് ,സെക്രട്ടറി.കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് സൊസൈറ്റി.

അടങ്കൽ -300000

ഫണ്ട് – മെയിൻറനൻസ് ഫണ്ട് (റോഡ്)

വൗച്ചർ നമ്പർ- 59/15-16/18.2.16

ആകെ പ്രവൃത്തിയുടെ മൂല്യം-292150

അധികം നൽകിയ തുക- (292150 x21/100-292150 x15.1/100)

= 61351 -44115 = 17236

3.പ്രോജക്ട് നമ്പർ-250/15-16

പ്രോജക്ട്-തുറക്കോട് വയൽ റോഡ് കോൺക്രീറ്റ്

ടെണ്ടർ തീയതി-31.8.15

അളവുപുസ്തകം-74/15-16

എഗ്രിമെന്റ് നമ്പർ-162/15-16/3.12.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-25 % കുറവ്, അബ്ദുൾ ബാരി, അബ്ദുൾ ഗഫൂർ അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-15.1% കുറവ് ,സെക്രട്ടറി. കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് സൊസൈറ്റി

അടങ്കൽ - 500000

ഫണ്ട് – മെയിൻറനൻസ് ഫണ്ട് (റോഡ്)

വൌച്ചർ നമ്പർ - 49/15-16/22.1.16

ആകെ പ്രവൃത്തിയുടെ മൂല്യം -500000

അധികം നൽകിയ തുക- (500000 x25/100-500000 x15.1/100)

= 125000-75500 = 49500

4.പ്രോജക്ട് നമ്പർ-228/16

പ്രോജക്ട്- പുതിയ വീട് പരിസരം സൈഡ് പ്രൊട്ടക്ഷൻ ഭിത്തി നിർമ്മാണം

ടെണ്ടർ തീയതി- 31.8.15

അടങ്കൽ - 200000

ഫണ്ട് – വികസന ഫണ്ട്(ടി.എസ്.പി.)

അളവുപുസ്തകം - 118/15-16

എഗ്രിമെന്റ് നമ്പർ-175/15-16/29.12.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-23.65 % കുറവ്,പി.പി.ജോയ് അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-15.1% കുറവ് ,സെക്രട്ടറി.കൽപ്പറ്റ സോൺ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

വൌച്ചർ നമ്പർ - 84/15-16/4.4.16 (31/3/2016 ന് ട്രഷറിയിൽ നിന്ന് തുക പിൻവലിച്ചു)

ആകെ പ്രവൃത്തിയുടെ മൂല്യം -200000

അധികം നൽകിയ തുക - (200000 x23.65/100-200000x15.1/100)

=47300 - 30200 = 17100

5.പ്രോജക്റ്റ് നമ്പർ - 236/15-16

പ്രോജക്റ്റ് - ബോയൻസ് കോളനി റോഡ് കോൺക്രീറ്റ്

ടെണ്ടർ തീയതി - 31.8.15

അടങ്കൽ - 400000

ഫണ്ട് - മെയിൻറനൻസ് ഫണ്ട് (റോഡ്)

അളവുപുസ്തകം -94/15-16

എഗ്രിമെന്റ് നമ്പർ-163/15-16/ 3.12.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-25 % കുറവ്, എ.വർക്കി, ഭരതൻ (200000/- രൂപ 25% കുറവ് ക്വോട്ട് ചെയ്തു)

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-15.1% കുറവ് ,സെക്രട്ടറി.കൽപ്പറ്റ സോൺ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

വൌച്ചർ നമ്പർ - 61/15-16/4.4.16 (31/3/16-ന് ട്രഷറിയിൽ നിന്ന് തുക പിൻവലിച്ചു)

ആകെ പ്രവൃത്തിയുടെ മൂല്യം - 400000

അധികം നൽകിയ തുക - (400000 x25/100-400000x15.1/100)

= 100000 -60400 = 39600

കുറഞ്ഞ നിരക്കിൽ ടെണ്ടർ അംഗീകരിക്കാത്തതിനാൽ 199937 രൂപ മേൽപ്രവൃത്തികളിൽ നഷ്ടം വന്നിട്ടുണ്ട്. ജി.ഒ.എം.എസ്.135/97/ co.op 13.11.97 ഖണ്ഡിക 81(b),10 അനുസരിച്ച് ലേബർ

കോൺട്രാക്റ്റ് സൊസൈറ്റികൾക്ക് 10% പ്രൈസ് പ്രിഫറൻസ് നൽകാമെന്ന രേഖകൾ ഫയലിൽ വെച്ചിട്ടുണ്ട്.എന്നാൽ ഗവ.സർക്കുലർ നമ്പർ 34947/D.P 1/03 ത.സ്വ.ഭ.വ 4.8.2003 പ്രകാരം ഈ സർക്കാർ ഉത്തരവിലെ ഖണ്ഡിക 8(1)(b),10 എന്നിവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ബാധകമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 4/15-16/19.01.2017ന് നൽകിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണ് എന്ന് മറുപടി നൽകി. 199936/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി

ഓഡിറ്റ് വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തി നടപ്പാക്കിയതിൽ ജി.ഓ.(എം.എസ്)362/2013 ത.സ്വ.ഭ.വ.16.11.2013 പാലിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ -209/15

പ്രോജക്ട് - മരവയൽ കോളനി വീട് റിപ്പയർ പ്രവൃത്തി

നിർവഹണം - മുനിസിപ്പൽ എഞ്ചിനീയർ

ഫണ്ട് - വികസനഫണ്ട്.

അളവുപുസ്തകം - 112/15-16

കോൺട്രാക്ടർ - പി.കെ.അയൂബ്

വൗച്ചർനം. - 85/15-16/ 4.4.16- 326982

അടങ്കൽ - 400000

ടെണ്ടർ കുറവ് - 16.25 % കുറവ്

ഈ വർക്കിൽ മരവയൽ കോളനിയിലെ ആറു വീടുകൾ മേൽക്കൂരറിപ്പയർ ചെയ്യുന്നതിനാണ് തുക ചെലവഴിച്ചത്. മേൽക്കൂര റിപ്പയർ ചെയ്യുന്ന പ്രവൃത്തികൾ വ്യക്തിഗതധനസഹായ പദ്ധതികളാണ്. ജി.ഓ.(എം.എസ്)362/2013 ത.സ്വ.ഭ.വ.16.11.2013 പ്രകാരം ഒരു വീടിന് പരമാവധി നൽകാവുന്ന ധനസഹായം 25000 രൂപയാണ്.ഗുണഭോക്താക്കളെ വാർഡ്സഭയിൽ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ മറ്റ് മാനദണ്ഡങ്ങൾ കൂടി പാലിച്ചുമാത്രമേ തുക നൽകാൻ കഴിയൂ. ഈ പ്രവൃത്തി പൊതുമരാമത്ത് പ്രവൃത്തിയായി നടപ്പാക്കാൻ പാടില്ല. ഇത്തരത്തിൽ പ്രവൃത്തി നടപ്പാക്കിയതിനാൽ അധികം തുക ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 17/15-16/27.01.2017 ന് നൽകിയ മറുപടിയിൽ അനിവാര്യസാഹചര്യത്തിൽ നടത്തിയതാണ് എന്ന് മറുപടി നൽകി. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. 326982/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കൺസോളിഡേഷൻ കുറവു വരുത്താത്തതിനാൽ നഷ്ടം

ഓഡിറ്റ് വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ കൺസോളിഡേഷൻ കുറവ് വരുത്തുന്നതിൽ അപാകങ്ങൾ വന്നിട്ടുണ്ട്. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വോള്യം 1 സെക്ഷൻ 4.5 (ബി)(വി)(ഐ)പ്രകാരം കൺസോളിഡേഷനായി 20% കുറവ് ചെയ്യേണ്ടതാണ്.

എന്നാൽ കൺസോളിഡേഷൻ കുറവ് വരുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1. പ്രോജക്ട് നമ്പർ-128/16

പ്രോജക്ട് - പുത്തൂർവയൽ കോളനി റോഡ് ഫോർമേഷൻ

നിർവഹണം - മുനിസിപ്പൽ എഞ്ചിനീയർ

ഫണ്ട് -വികസനഫണ്ട്.

അളവുപുസ്തകം - 144/15-16

കോൺട്രാക്ടർ - മുഹമ്മദ് കുഞ്ഞി

ചെയ്ത പ്രവൃത്തി മൂല്യം – 855901/-

വൗച്ചർനം. - 97/15-16/ 4.4.16- 855901

(തുക 31/3/2016 ന് ട്രഷറിയിൽ നിന്നും പിൻവലിച്ചു)

അടങ്കൽ -1000000

ടെണ്ടർ കുറവ് -എസ്റ്റിമേറ്റ് നിരക്ക്

ഈ വർക്കിൽ ഒന്നാമത്തെയിനമായി 52.66 ഘന മീറ്റർ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്.( 52.66 ഘന മീറ്റർ മണ്ണ് കിളച്ചെടുത്തതിൽ 50 % മാത്രമേ ഫില്ലിംഗിന് ഉപയോഗിക്കാൻ കഴിയൂ എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ) എസ്റ്റിമേറ്റിലെ അഞ്ചാമത്തെയിനമായി 596.07 ഘന മീറ്റർ മണ്ണ് നിറക്കുകയും അതിൽനിന്നും കിളച്ചെടുത്തതിൽ 26.33 ഘന മീറ്റർ മണ്ണ് കുറച്ച് ബാക്കിയുള്ള 569.74 ഘന മീറ്റർ മണ്ണിന് 10 ഘന മീറ്ററിന് 3506/- രൂപനിരക്കിൽ 199750/- രൂപ അനുവദിച്ചു. 596.07 ഘ.മീ.മണ്ണിൽ നിന്നും 26.33 മണ്ണ് കുറച്ച് 569.74 ന്റെ 20% അതായത് 113.948 $m^3$ മണ്ണ് കുറച്ചാൽ 455.79 ഘ.മീ.മണ്ണ് നിറച്ചതിനാണ് തുക നൽകേണ്ടത്.

കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വോള്യം 1 സെക്ഷൻ 4.5 (ബി)(വി)(ഐ)പ്രകാരം കൺസോളിഡേഷനായി 20% കുറവ് വരുത്താത്തതിനാൽ 39950/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. 31.1.2017 ന് സ്ഥലപരിശോധന നടത്തിയതിൽ മണ്ണ് നിറച്ച ഭാഗം പകുതി ഇപ്പോൾ കോൺക്രീറ്റ് ചെയ്തതായും പകുതി ഭാഗം കല്ല് പതിച്ചതായും കണ്ടു.കല്ല് പതിച്ച ഭാഗത്ത് മണ്ണ് അമർന്നിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ- 16/15-16/20.01.2017 പ്രകാരം ഈ വിഷയം ശ്രദ്ധയിൽ പ്പെടുത്തിയതിന് നൽകിയ മറുപടിയിൽ മണ്ണ് റോളർ ഉപയോഗിച്ച് അമർത്തിയതിനാലാണ് കൺസോളിഡേഷൻ കുറക്കാത്തത് എന്ന് പറഞ്ഞിട്ടുണ്ട്. ഇത് ശരിയല്ല. അളവു പുസ്തകത്തിൽ റോളർ ഉപേയാഗിച്ചു എന്ന് രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ മണ്ണ് അമർന്നത് പരിശോധനയിൽ വ്യക്തമാണ്. ആയതിനാൽ 39950/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

2.പ്രോജക്ട് നമ്പർ-229/16

പ്രോജക്ട്- മുണ്ടേരിപൊയിൽ എലിക്കൻ വീട് പരിസരം ഫുട്പാത്ത് കോൺക്രീറ്റ്

നിർവഹണം- മുനിസിപ്പൽ എഞ്ചിനീയർ

ഫണ്ട് -വികസനഫണ്ട്.

അളവുപുസ്തകം- 136/15-16

കോൺട്രാക്ടർ - മുഹമ്മദ് കുഞ്ഞി

വൗച്ചർനം.-99/15-16/-170130

അടങ്കൽ -300000

ടെണ്ടർ കുറവ് -17 %

ഈ വർക്കിൽ ഒന്നാമത്തെയിനമായി 15.41 ഘന മീറ്റർ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റിലെ മൂന്നാമത്തെയിനമായി 101.56 ഘന മീറ്റർ മണ്ണ് നിറക്കുകയും അതിൽനിന്നും കിളച്ചെടുത്ത 15.41 ഘന മീറ്റർ മണ്ണ് കുറച്ച് ബാക്കിയുള്ള 86.15 ഘന മീറ്റർ മണ്ണിന് 1 ഘന മീറ്ററിന് 324.58 രൂപനിരക്കിൽ 27962.57 രൂപ അനുവദിച്ചു. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വോള്യം 1 സെക്ഷൻ 4.5 (ബി)(വി)(ഐ)പ്രകാരം കൺസോളിഡേഷനായി 20% കുറവ് വരുത്താത്തതിനാൽ 5593രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ- 16/15-16/20.01.2017 പ്രകാരം ഈ വിഷയം ശ്രദ്ധയിൽ പ്പെടുത്തിയതിന് നൽകിയ മറുപടിയിൽ മണ്ണ് റോളർ ഉപയോഗിച്ച് അമർത്തിയതിനാലാണ് കൺസോളിഡേഷൻ കുറക്കാത്തത് എന്ന് പറഞ്ഞിട്ടുണ്ട്. ഇത് ശരിയല്ല.ടേപ്പ് മെഷർമെന്റ് എടുക്കുമ്പോൾ കൺസോളിഡേഷൻ കുറക്കാതെ ബിൽ അനുവദിച്ചത് ശരിയല്ല. 5593/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

3. പ്രോജക്ട് നമ്പർ-230/16

പ്രോജക്ട്- കോളിമൂല കോളനി സംരക്ഷണഭിത്തി

നിർവഹണം- മുനിസിപ്പൽ എഞ്ചിനീയർ

ഫണ്ട് -വികസനഫണ്ട്.

അളവുപുസ്തകം- 133/15-16

കോൺട്രാക്ടർ - പി.കെ ബാബു

വൗച്ചർനം.-103/15-16/31.3.16 -

അടങ്കൽ -400000

ടെണ്ടർ കുറവ് - എസ്റ്റിമേറ്റ് നിരക്ക്

ഈ വർക്കിൽ ഒന്നാമത്തെയിനമായി 44.10 ഘന മീറ്റർ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റിലെ ആറാമത്തെയിനമായി 110.25 ഘന മീറ്റർ മണ്ണ് നിറക്കുകയും അതിൽനിന്നും കിളച്ചെടുത്ത 44.10 ഘന മീറ്റർ മണ്ണ് കുറച്ച് ബാക്കിയുള്ള 66.15 മണ്ണിന് 1 ഘന മീറ്ററിന് 270.87 രൂപനിരക്കിൽ 17918 രൂപ അനുവദിച്ചു. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വോള്യം 1 സെക്ഷൻ 4.5 (ബി)(വി)(ഐ)പ്രകാരം കൺസോളിഡേഷനായി 20% കുറവ് വരുത്താത്തതിനാൽ 3584രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ- 16/15-16/20.01.2017 പ്രകാരം ഈ വിഷയം ശ്രദ്ധയിൽ പ്പെടുത്തിയതിന് നൽകിയ മറുപടിയിൽ മണ്ണ് റോളർ ഉപയോഗിച്ച് അമർത്തിയതിനാലാണ് കൺസോളിഡേഷൻ കുറക്കാത്തത് എന്ന് പറഞ്ഞിട്ടുണ്ട്.ഇത് ശരിയല്ല.ടേപ്പ് മെഷർമെന്റ് എടുക്കുമ്പോൾ കൺസോളിഡേഷൻ കുറക്കാതെ ബിൽ അനുവദിച്ചത്

ശരിയല്ല.3584 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-7 മെയിന്റനൻസ് ഫണ്ട് വക മാറ്റി ചെലവഴിച്ചു.

നഗരസഭയിലെ ടാർ റോഡുകളുടെ മെയിന്റനൻസിനുവേണ്ടി ലഭിക്കുന്ന മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് തൻവർഷം നടപ്പാതകളും റോഡുകളും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ടാറിംഗ് റോഡുകൾ വരെ റീടാറിംഗ് നടത്തുന്നതിന് പകരം കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഇത് പദ്ധതി ആസൂത്രണമാർഗ്ഗരേഖക്ക് വിരുദ്ധമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ | വൌച്ചർ നമ്പർ | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | മുനിസിപ്പൽ. എഞ്ചിനീയർ | 249/16 | ബൈപ്പാസ് മാർക്കറ്റ് റോഡ് ടാറിംഗ് | 200000 | 54/15-16 /12.2.16 | 150000 | ആദ്യം ടാറിംഗ് നടത്തിയ റോഡ് പിന്നീട് കോൺക്രീറ്റ് ചെയ്തു. |
| 2 | മുനിസിപ്പൽ. എഞ്ചിനീയർ | 220/16 | പാറവയൽ കോളനി റോഡ് കോൺക്രീറ്റിംഗ് | 250000 | 78/15-16 /3.3.16 | 250000 | |
| 3 | മുനിസിപ്പൽ. എഞ്ചിനീയർ | 77/15-16 | പൂളക്കുന്ന് റോഡ് കോൺക്രീറ്റ് | 200000 | 68/15-16 /18.2.16 | 162000 | |
| 4 | മുനിസിപ്പൽ. എഞ്ചിനീയർ | 199/16 | അഡ് ലെയ്ഡ് അങ്കൺവാടി റോഡ് കോൺക്രീറ്റ് | 300000 | 86/15-16 /3.3.16 | 275000 | |
| 5 | മുനിസിപ്പൽ. എഞ്ചിനീയർ | 247/15-16 | മരക്കാർ ഹാജി-മുത്തലിബ് റോഡ് കോൺക്രീറ്റ് | 250000 | 57/15-16 /12.2.16 | 213750 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | മുനിസിപ്പൽ. എഞ്ചിനീയർ | 219/15-16 | ടി.പി.കോരൻകുന്നൻ റോഡ് കോൺക്രീറ്റ് | 200000 | 45/15-16 /18.1.16 | 156000 | |
| 7 | മുനിസിപ്പൽ എഞ്ചിനീയർ | 271/15-16 | കൊഴിഞ്ഞങ്ങാട് റബ്ബർകുന്ന് റോഡ് കോൺക്രീറ്റ് | 149739 | 36/15-16/ 17.9.15 | 149739 | |
| 8 | മുനിസിപ്പൽ എഞ്ചിനീയർ | 267/ 15-16 | കുറുവച്ചാട്ട് വയൽ ഇടവഴി കോൺക്രീറ്റ് | 90322 | 115/15-16 /29.3.16 | 90322 | |
| 9 | മുനിസിപ്പൽ എഞ്ചിനീയർ | 265/ 15-16 | ചിറ്റാലൂർകുന്ന് അമ്പലമൂല റോഡ് കോൺക്രീറ്റ് | 200000 | 110/15-16 /29.3.16 | 200000 | |
| 10 | മുനിസിപ്പൽ എഞ്ചിനീയർ | 87/15-16 | താമരക്കൊല്ലി റോഡ് കോൺക്രീറ്റ് | 107209 | 112/15-16 /29.3.16 | 107209 | |
| 11 | മുനിസിപ്പൽ എഞ്ചിനീയർ | 88/15-16 | കുഴിക്കൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 100000 | 60/15-16 /23.1.16 | 100000 | |
| 12 | മുനിസിപ്പൽ എഞ്ചിനീയർ | 91/15-16 | ചൌണ്ടേരിക്കുന്ന് റോഡ് ഇറക്കം കോൺക്രീറ്റ് | 136500 | 83/15-16 /27.2.16 | 136500 | |
| 13 | മുനിസിപ്പൽ എഞ്ചിനീയർ | 96/15-16 | കണിയാംകൊല്ലി കോളനി റോഡ് കോൺക്രീറ്റ് | 100000 | 68/15-16 /15.2.16 | 100000 | |

ഓഡിറ്റ് എൻക്വയറി നമ്പർ-14/15-16/23.01.2017ഇത്തരത്തിൽ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ചോദിച്ചതിന് വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല. ഇത്തരത്തിൽ പദ്ധതി നടപ്പാക്കുന്നത് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 <u>കോട്ടഞ്ചിറ കോളനി ഫുട്പാത്ത് ,ഡ്രയിനേജ്- 118916 രൂപയുടെ ചെലവുരേഖകൾ ഇല്ല.</u>

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ ചെലവുരേഖകൾ പൂർണ്ണമല്ല എന്ന് കണ്ടു

പ്രോജക്ട് നമ്പർ - 167/16

പ്രോജക്ട് - കോട്ടഞ്ചിറ കോളനി ഫുട്പാത്ത് ,ഡ്രയിനേജ്

അടങ്കൽ - 980000

അളവുപുസ്തകം - 181/14-15

എഗ്രിമെന്റ് നമ്പർ - 15/15-16/27.4.15

കൺവീനർ - അനിൽകുമാർ

ഫണ്ട് - വികസനഫണ്ട്

വൌച്ചർ നമ്പർ - 25/29.7.15

ചെലവഴിച്ച തുക - 308016

നികുതികൾ കൂടാതെ 290581 രൂപയാണ് പ്രവൃത്തിയുടെ വാല്യേഷൻ . 189100 രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഫയലിൽ ഉള്ളൂ.മസ്റ്ററോളിൽ കുറച്ച് ഒപ്പുകൾ മാത്രമേ ഉള്ളൂ.തുക എഴുതി ക്ലോസ്സ് ചെയ്തിട്ടില്ല.ഓഡിറ്റ് എൻക്വയറി നമ്പർ-20/15-16/27.01.2017 പ്രകാരം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് രേഖകൾ മിസ്പ്ലേസ്ഡ് ആയതാണ് എന്നാണ് മറുപടി നൽകിയത്.രേഖകളില്ലാത്ത 101481 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ഗുണഭോക്തൃസമിതിയുടെ ചെലവുസംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.അല്ലാത്ത പക്ഷം 1997 ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടം 12(1),12(2) എന്നിവ പ്രകാരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 3-9 ഗുണഭോക്തൃസമിതി രേഖകൾ ഹാജരാക്കിയില്ല.

2015-16 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയെങ്കിലും ഗുണഭോക്തൃസമിതിയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ഇല്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നമ്പർ - 168/15

പ്രോജക്ട് - ടി.മണിവീട് പരിസരം നടപ്പാത കോൺക്രീറ്റ്

അടങ്കൽ - 904257

അളവുപുസ്തകം - 2/15/2016

എഗ്രിമെന്റ് നമ്പർ - 16/15-16

കൺവീനർ - പി.സി.കുമാരൻ

ഫണ്ട് -ടി.എസ്.പി.

വൌച്ചർ നമ്പർ - 33-8/15/25.8.15

ചെലവഴിച്ച തുക -256537

ഗുണഭോക്തൃസമിതിമിനുട്സ്, മറ്റ് ചെലവുരേഖകൾ എന്നിവ ഫയലിൽ ഇല്ല.

2.പ്രോജക്ട് നമ്പർ - 160/16

പ്രോജക്ട് - തുർക്കി ഫാത്തിമ റോഡ്സൈഡ് പ്രൊട്ടക്ഷൻവാൾ

അടങ്കൽ -300000

അളവുപുസ്തകം -52/15-16

എഗ്രിമെന്റ് നമ്പർ - 50/15-16

കൺവീനർ - എം.പ്രഭ

ഫണ്ട് - ഫിനാൻസ്കമ്മീഷൻ ഗ്രാന്റ്

വൌച്ചർ നമ്പർ - 41/12-15/2.1.15

ചെലവഴിച്ച തുക - 163374

ഗുണഭോക്തൃസമിതിമിനുട്സ്,മറ്റ് ചെലവുരേഖകൾ എന്നിവ ഫയലിൽ ഇല്ല.

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ഗുണഭോക്തൃസമിതിയുടെ ചെലവുസംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.അല്ലാത്ത പക്ഷം 1997 ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) എന്നിവ പ്രകാരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ-40/15-16 /31.01.2017പ്രകാരം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നല്കിയിട്ടില്ല. 419911/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നു.

2015-16 വർഷം തുക ചെലവഴിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങൾ നിലവിലും പ്രവർത്തനക്ഷമമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നമ്പർ - 157/16

പ്രോജക്ട് - വനിത തൊഴിൽ പരിശീലനകേന്ദ്രം -റിപ്പയർ

അടങ്കൽ - 300000

അളവുപുസ്തകം – 44/15-16

എഗ്രിമെന്റ് നമ്പർ – 177/14-15

ഫണ്ട് - വികസനഫണ്ട്

വൌച്ചർ നമ്പർ - 39-9/15/6.10.15

ചെലവഴിച്ച തുക -283020

കെട്ടിടത്തിൽ ബോർഡ് പോലും സ്ഥാപിച്ചിട്ടില്ല.നിലവിൽ തൊഴിൽ പരിശീലനം നടക്കുന്നില്ല.കെട്ടിടം ഒന്നിനും ഉപയോഗിക്കുന്നില്ല.

2.പ്രോജക്റ്റ് നമ്പർ - 83/16

പ്രോജക്റ്റ് - വൃദ്ധസൌഹൃദകേന്ദ്രം -ഹാൾ നിർമ്മാണം

അടങ്കൽ -300000

അളവുപുസ്തകം -52/15-16

എഗ്രിമെന്റ് നമ്പർ - 154/15-16

ഫണ്ട് - ഫിനാൻസ്കമ്മീഷൻ ഗ്രാന്റ്

വൌച്ചർ നമ്പർ - 117/15-16/4.4.16

ചെലവഴിച്ച തുക - 275700

പണിത ഹാൾ നിലവിൽ ഒരു കാര്യത്തിനും ഉപയോഗിക്കുന്നില്ല. മുഴുവൻ പണികളും കഴിഞ്ഞിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-41/15-16/31.01.2017 പ്രകാരം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. കെട്ടിടങ്ങൾ ഉപയോഗക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 **2015-16** വർഷത്തെ ഓഡിറ്റ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ യൂണിഫോം,കുട,ബാഗ് വിതരണം പ്രോജക്റ്റ് അപാകതകൾ

പ്രോജക്റ്റ് നമ്പർ :soo59/16

അടങ്കൽ -900000

ചെലവ് -900000 (ട്രഷറി ബിൽ നമ്പർ03/15-16 തിയതി.30/3/16)

എസ്.ടി വിദ്യാർത്ഥികൾക്ക് യൂണിഫോം,ബാഗ്,കുട എന്നിവ വിതരണം ചെയ്യുന്ന ടി പ്രോജക്റ്റിൽ നഗരസഭാ പരിധിയിലുള്ള സ്കൂളുകളിൽ നിന്നുംകുട്ടികളുടെ എണ്ണം,യൂണിഫോം സാമ്പിൾ എന്നിവ ആവശ്യപ്പെട്ട് കൊണ്ടുള്ളകത്ത് ടി.ഇ.ഒ.അതാത് ഹെഡ് മാസ്റ്റർമാർക്ക് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി.ഇ.ഒ യൂണിഫോം സപ്ളൈ ചെയ്യുന്നതിന് HANTEXനും കുട , ബാഗ് എന്നിവ സപ്ളൈ ചെയ്യുന്നതിന് SIDCOയ്ക്കും സപ്ളൈ ഓർഡർ നല്കി. HANTEXൽ നിന്നും 503918/ രൂപയുള്ള യൂണിഫോമും,SIDCOയിൽ നിന്നും,399069/രൂപയുള്ള കുട,ബാഗ് എന്നീ സാധനങ്ങളും വാങ്ങിയിട്ടുണ്ട്.കുട ,ഒന്നിന് 219 / രൂപാ വീതം 614 എണ്ണവും, ബാഗ് ഒന്നിന് 400 / രൂപാ വീതം 614 എണ്ണവും വാങ്ങിയിട്ടുണ്ട്(ഇൻവോയ്സ് നമ്പർSMCWYND0145തിയതി18/2/2016. വാങ്ങിയ സാധനങ്ങൾ ടി.ഇ.ഒ.സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല. മാത്രമല്ല സ്കൂളുകളിൽ നിന്നും ലഭ്യമായ അക്വിറ്റൻസ് പ്രകാരം ടി.ഇ.ഒ. വിതരണം ചെയ്ത കുടകളുടെയും ബാഗുകളുടെയും എണ്ണം 612 ആണ്.വ്യത്യാസത്തിനുള്ള കാരണം

വിശദമാക്കേണ്ടതാമണ്.ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 20/15-16/ 23/1/2016 ന് മറുപടി നൽകിയിട്ടും അക്വിറ്റൻസ് ക്രമീകരിച്ച് വിവരം വ്യക്തമാക്കേണ്ടതാണ്.

## 3-12 വിവിധ വാർഡുകളിൽ എൽ.ഇ.ഡി.street light സ്ഥാപിക്കൽ-തുക തടസ്സപ്പെടുത്തുന്നു

2015-16 വർഷം നടപ്പാക്കിയ വിവിധ വാർഡുകളിൽ എൽ.ഇ.ഡി.street light സ്ഥാപിക്കൽ പ്രവൃത്തി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

1. പ്രോജക്ട് നമ്പർ -151/16

പ്രോജക്ട് - വിവിധ വാർഡുകളിൽ എൽ.ഇ.ഡി.street light സ്ഥാപിക്കൽ

അടങ്കൽ - 1000000

എഗ്രിമെന്റ് നമ്പർ - 161/14-15/12.3.15

ഫണ്ട്- വികസനഫണ്ട് - ധനകാര്യകമ്മീഷൻ അവാർഡ്

വൌച്ചർ നമ്പർ -23/15-16/ 16.7.15

ചെലവഴിച്ച തുക -1000000

വിവിധവാർഡുകളിൽ എൽ.ഇ.ഡി .സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്.സിഡ്കോ നൽകിയ ഇൻവോയിസ് നമ്പർ-T.D.G.(3)LED/2014-15 /6.3.15 പ്രകാരം ഒന്നിന് (വില 4050, ഫിറ്റിംഗ്സ് വില 800, സൂപ്പർവിഷൻ ചാർജ്ജ് 150) 5000 രൂപയാണ് ചെലവ്. സിഡ്കോക്ക് വർക്ക് ഓർഡർ നൽകുകയും വൌച്ചർ നമ്പർ-23/15-16/ 16.7.15പ്രകാരം 880000 രൂപ സിഡ്കോക്ക് നൽകി. 100000 രൂപ റിടെൻഷൻ മുനിസിപ്പാലിറ്റിയിൽ അടച്ചു.20000 ഇൻകംടാക്സ് പിടിച്ചു. പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

1. നഗരസഭയിൽ എത്ര തെരുവു വിളക്കുകൾ ഉണ്ടെന്നോ, എവിടെയൊക്കെയുണ്ടെന്നോ, എത്രയെണ്ണം ഇനി ആവശ്യമുണ്ടെന്നോ ഉള്ള വിവരങ്ങൾ തയ്യാറാക്കാതെയാണ് പ്രോജക്ട് തയ്യാറാക്കിയത്. സംയുക്തപരിശോധന നടത്തിയതിൻെറ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.
2. പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. യുടെ അനുവാദം വാങ്ങിയിട്ടില്ല.
3. വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.
4. ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്ന് എൽ.ഇ.ഡി.ലൈറ്റുകൾ വാങ്ങുന്നതിന് സർക്കാർ അനുവാദം ലഭ്യമല്ല.
5. ബില്ലിൽ നിന്ന് വാറ്റ് ഈടാക്കിയിട്ടില്ല.

6. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.
7. 14.3.2016 ലെ ഓവർസീയറുടെ റിപ്പോർട്ട് പ്രകാരം 80 % വിളക്കുകളും പ്രകാശിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.എന്നാൽ മാറ്റി സ്ഥാപിച്ചവയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറി നമ്പർ- 15/15-16/20.01.2017പ്രകാരം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ പറഞ്ഞത് ചെയർമാന്റെ ഉത്തരവ് പ്രകാരം അടിയന്തിരപ്രാധാന്യം കണക്കിലെടുത്ത് കെ.എസ്.ഇ.ബിയിൽ നിന്നുള്ള വാക്കാൽ അനുവാദത്തോടെ പദ്ധതി നടപ്പാക്കി എന്നാണ്. ഇത് അനുവദനീയമല്ല. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.മേൽ അപാകങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ 1000000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ–പദ്ധതിനടത്തിപ്പിലെ അപാകങ്ങൾ

ഓഡിറ്റ് വർഷം നടപ്പാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിനടത്തിപ്പിൽ അപാകങ്ങൾ കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ-47/16

പ്രോജക്ട് - ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ

നിർവഹണം - മെഡിക്കൽ ഓഫീസർ ,ഗവൺമെന്റ് ഹോസ്പിറ്റൽ

ഫണ്ട് -വികസനഫണ്ട്.

ബിൽ നം. -9/15-16/28.3.2016

അടങ്കൽ -250000

ചെലവ് -250000

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിൽ N.R H.M.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 250000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് ന് നൽകി. എന്നാൽ മരുന്ന് ഇതുവരെയും ലഭിച്ചിട്ടില്ല. അവശ്യ മരുന്നുകൾ സമയ ബന്ധിതമായി ലഭ്യമാക്കാൻ വിതരണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

## 3-14 വികലാംഗർക്ക് പെട്ടിക്കട - പ്ലാൻ ഫണ്ട് 10000/-രൂപ മുൻസിപ്പൽ ഫണ്ടിൽ അടവാക്കി

പ്രോജക്റ്റ് നമ്പർ :SO013/15

അടങ്കൽ :100000/

ചെലവ് : 25000/

കഴിഞ്ഞ വർഷത്തെ ബാക്കി തുകയായ 75000/- രൂപയിൽ 25000/- രൂപയാണ് ഈ വർഷത്തെ ചെലവ്. പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ രാമൻ, ചേനമല കോളനി പെട്ടിക്കട നിർമാണത്തിന് 15000/ രൂപയുടെ നിർമാണച്ചെലവ് മുനിസിപ്പാലിറ്റിയിലെ ഓവർസിയർ കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ 15000/രൂപാ 30/4/15ന് ബിൽ നമ്പർ 6/04-15 പ്രകാരം മാറി നൽകിയിട്ടുണ്ട്.പിന്നീട് 15/6/15ന് ബിൽ നമ്പർ11/05;15 പ്രകാരം 10000/രൂപാ കൂടി ശ്രീ രാമൻ,ചേനമലയ്ക്ക് നൽകാനായി മാറിയതായി കാണുന്നു.എന്നാൽ ടി തുക നാളിതുവരെ ഗുണഭോക്താവിന് നൽകാതെ മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിച്ചിരിയ്ക്കുന്നതായി കാണുന്നു.12/7/16 നാണ് ടി തുക മുനിസിപ്പൽ ഫണ്ടിൽ വരവ് വച്ചിരിയ്ക്കുന്നത്.തെറ്റായ ഈ നടപടി ക്രമീകരിച്ച് തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടച്ച് ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക ബാങ്ക് അക്കൗണ്ടിൽ വരവ് വെക്കുന്നതിൽ വന്ന താമസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## **3-15** <u>വിദ്യാഭ്യാസ പത്രിക - ചെലവ് രേഖകൾ കൃത്യമല്ല</u>

പ്രോജക്ററിന്റെ പേര് – വിദ്യാഭ്യാസ പത്രിക പ്രോജക്റ്റ്

പ്രോജക്ററ് നമ്പർ :SO026/16

അടങ്കൽ :50000/

ചെലവ് :50000/

ബിൽ നമ്പർ:72015-26/3/2016 പ്രകാരം അതുല്യം എഡ്യൂക്കേഷണൽ പ്രോഗ്രാമിനായി 100000/ രൂപാ മേൽ ബിൽ പ്രകാരം മാറി 19 പേർക്ക് ഹോണറേറിയം കൊടുത്തതായി രേഖപ്പെടുത്തതിയിട്ടുണ്ട്.(സാക്ഷരതാ പ്രേരക് മാർക്ക്) ഇതിൽ 16 പേർക്ക് 4000/-രൂപാ നിരക്കിലും 3 പേർക്ക് 12000/- രൂപാ നിരക്കിലും ഹോണറേറിയം കൊടുത്തതായി ഫയലിൽ കാണിച്ചിരിക്കുന്നത്. അക്വിറ്റൻസ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.12-ാം പദ്ധതി മാർഗരേഖ ജി.ഒ. (എം,എസ്)362/2013 ത.സ്വ,ഭ,വ, തിയതി 16/11/2013 പ്രകാരം വികസന ഫണ്ടിൽ നിന്ന് ഹോണറേറിയം നൽകാൻ പാടുള്ളതല്ല. അതിനാൽ മാർഗരേഖാ വിരുദ്ധമായി ചെലവ് ചെയ്ത 100000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 3-16 ഐ.ഡി.എസ്.എസ്.എം.റ്റി.സ്ഥലമെട്ടുപ്പ് ബാക്കി തുക -നല്കിയത്-കൈപ്പറ്റ് രശീത്ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നംപർ -SO259/16

അടങ്കൽ :764000/

ചെലവ് തുക :764000/

കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ സഹകരത്തോടെ കൽപ്പറ്റ നഗരസഭ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന യു.ഐ.ഡി.എസ്.എസ്.എം.റ്റി കുടിവെള്ള പദ്ധതിയ്ക്കായി, മുട്ടിൽ പഞ്ചായത്തിലെ ഏലിയാമ്മ മുതൽപേരുടെ 289/5 സർവേ നമ്പറിൽ പെട്ട 0.3560 ഹെക്ടർ സ്ഥലം അടിയന്തിരമായി ഏറ്റെടുക്കുന്നതിലേയ്ക്കായി അധികമായി വേണ്ടി വന്ന തുക 764000/ മേൽ പ്രോജക്റ്റ് വഴി വയനാട് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.(ബിൽ നമ്പർ 176/03-16 തിയതി.28/3/16 തിയതി) എന്നാൽ ഈ തുക കൊടുത്തുവെങ്കിലും സ്ഥലം കൈമാറ്റ നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല. മാത്രമല്ല തുക കൈമാറിയതിന്റെ കൈപ്പറ്റ് രശീതും ഫയലിൽ കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.പദ്ധതിക്കായി പിൻവലിച്ച 764000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 അംബുലൻസ് ഡ്രൈവറുടെ ദിനബത്ത അനുവദിക്കുന്നില്ല

അംബുലൻസ് ഡ്രൈവർക്ക് അനുവദിച്ച രസീതുകളുടെ പരിശോധനയിൽ 50/-രൂപ ദിനബത്തയും ചില പ്രത്യേക സാഹചര്യങ്ങളിൽ 100/- രൂപ സർവ്വീസ് ചാർജ്ജും കിലോമിറ്റർ ചാർജ്ജിനോടൊപ്പം ഈടാക്കുന്നുണ്ട്. എന്നാൽ അംബുലൻസ് ഡ്രൈവർക്ക് അർഹമായ ദിനബത്ത ലഭ്യമാക്കുന്നില്ല . 24/7/2013 ലെ 21-ാം നമ്പർ പ്രകാരം ഭരണസമിതി അംഗീകരിച്ച അംബുലൻസ് അനുബന്ധ ബൈലോയിലെ 9-ാം ഖണ്ഡിക പ്രകാരം അംബുലൻസ് സേവനം ഉപയോഗപ്പെടുത്തുന്നവർ വാഹനത്തിലെ ജീവനക്കാർക്ക് നിയമാനുസൃതം അർഹതപ്പെട്ട ബത്ത ഓഫീസിൽ അംബുലൻസ് വാടകയോടൊപ്പം അടയ്ക്കേണ്ടതാണെന്നും കൂടാതെ ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 10.05.1988 ലെ 31/88 നമ്പർ സർക്കുലർ പ്രകാരം ഓഫീസ് ആവശ്യത്തിന് വേണ്ടി നിയമിക്കപ്പെടുന്ന ദിവസവേതനകാരായ ഡ്രൈവർമാർക്കും ദിനബത്തയ്ക്ക് അർഹതയുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട് .

മേൽ ഉത്തരവിലും അംബുലൻസ് അനുബന്ധ ബൈലോയിലും പരാമർശിച്ചിട്ടും അംബുലൻസ് ഡ്രൈവർക്ക് അർഹമായ ദിനബത്ത നൽകാതിരിക്കുന്നതിന് കാരണം അറിയിക്കേണ്ടതാണ്. എന്ന് ചൂണ്ടികാണിച്ച് 19.01.2017 യിലെ 6/15-16 ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. അംബുലൻസ് ഡ്രൈവർക്ക് അർഹമായ ദിനബത്ത അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-18 ഇ ടോയ് ലറ്റ്-AMC ഇല്ലാത്ത കെൽട്രോണിന് 61200 രൂപ നൽകി

Vr. 51500240/8.6.15 പ്രകാരം 61200 രൂപ ഇ ടോയ് ലറ്റിന്റെ അറ്റകുറ്റപണികൾക്കായി കെൽട്രോണിന് നൽകി. കൽപ്പറ്റ ടൗണിലെ HIMUP സ്കൂളിനുസമീപം 2 ഇ ടോയ് ലറ്റ് സ്ഥാപിച്ചത് 694946/- രൂപ ചെലവഴിച്ചാണ്. ഇ ടോയ് ലറ്റ് സ്ഥാപിച്ചത് സർക്കാർ ഉടമസ്ഥതയിലുള്ള ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് ആണ്. 17.2.2012ന് ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസുമായി ഒപ്പിട്ട കരാർ പ്രകാരം അറ്റകുറ്റപണി നടത്തേണ്ടത് ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് ആണ്. കരാർ പ്രകാരം ഒരു യൂണിറ്റിന്ആദ്യ വർഷം പ്രതിമാസം 5000 രൂപയും രണ്ടാം വർഷം പ്രതിമാസം 5100 രൂപയും ഷൊർണ്ണൂർ മെറ്റൽഇൻഡസ്ട്രീസിന് നൽകാൻ നഗരസഭ ബാധ്യസ്ഥമാണ്.കരാർ പ്രകാരം ഇ ടോയ് ലറ്റിന് 84 മാസത്തെ ഗ്യാരണ്ടി ഉണ്ട്.ഇ ടോയ് ലറ്റ് പ്രവർത്തിക്കാത്തത് സംബന്ധിച്ച് ഒട്ടേറെ പരാതികൾ ഈ കാലയളവിൽ ലഭിച്ചിരുന്നു. ഇ ടോയ് ലറ്റ് പ്രവർത്തിക്കാത്തത് സംബന്ധിച്ച് ഒട്ടേറെ തവണ ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസുമായി ബന്ധപ്പെട്ടെങ്കിലും അറ്റകുറ്റപണി നടത്താൻ തയ്യാറായില്ല. വക്കീൽ നോട്ടീസ് അയച്ചെങ്കിലും അറ്റകുറ്റപണി നടത്താൻ തയ്യാറായില്ല. മെയിന്റനൻസ് ചാർജ് അടക്കാത്തതിനാൽ സേവനം നൽകാൻ പറ്റില്ല എന്ന് ഷൊർണ്ണൂർ മെറ്റൽഇൻഡസ്ട്രീസ് അറിയിക്കുകയും ചെയ്തു.ഇ ടോയ് ലറ്റ് സ്ഥാപിക്കുന്നതിന് നഗരസഭയുമായി കരാറിൽ ഏർപ്പെട്ടതും സ്ഥാപിച്ചതും ഷൊർന്നൂർ മെറ്റൽ ഇൻഡസ്ട്രീസ് ആണ്.

എന്നാൽ നഗരസഭയുമായി ഇ ടോയ് ലറ്റ് സ്ഥാപിക്കുന്നതിന് യാതൊരു വിധ കരാറിലും ഏർപ്പെട്ടിട്ടില്ലാത്ത കെൽട്രോൺ TVM/IT BG/MK/212/15-16 കത്ത് പ്രകാരം1.2.13 മുതൽ 31.1.14 വരെയുള്ള മെയിന്റനൻസ് തുക 61200/- രൂപ ആവശ്യപ്പെട്ടു. ആയത് പരിഗണിച്ച് 9.4.15 ലെ കൌൺസിൽ തീരുമാനം (നം 40) എടുക്കുകയും ചെക്ക് 822879/8.6.15 പ്രകാരം 61200 രൂപ നൽകുകയും ചെയ്തു. എന്നാൽ നാളിതു വരെ കെൽട്രോൺ അറ്റകുറ്റപണി നടത്തിയിട്ടില്ല. Annual Maintanance Contract ഇല്ലാത്ത കെൽട്രോണിന് മെയിന്റനൻസ് തുക നൽകിയത് സംബന്ധിച്ച് മറുപടി നൽകേണ്ടതാണ്. 61200/- രൂപ നിരാകരിക്കുന്നു.

## 3-19 ഗ്യാസ് ക്രിമിറ്റോറിയം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ഗ്യാസ് ക്രിമിറ്റോറിയം പ്രവൃത്തിക്കായി ആകെ 52.65 ലക്ഷം രൂപയാണ് വകയിരുത്തിയത്. കെട്ടിടവും മെഷിനറിയും സ്ഥാപിക്കുന്നതിന് 47 ലക്ഷവും ജനറേറ്ററും ഷെഡും സ്ഥാപിക്കുന്നതിന് 5.65 ലക്ഷവും ആണ് വകയിരുത്തിയത്. തൃശ്ശൂരിലുള്ള കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനമാണ് പ്രവൃത്തി ഏറ്റെടുത്തത്. നാളിതുവരെ പ്രസ്തുത സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

1)vr 51500097/29.4.15 10,53,000 രൂപ

2)vr 51600531/17.8.16 500000 രൂപ

ആകെ 15,53,000 രൂപ

കരാർ പ്രകാരം ക്രിമിറ്റോറിയത്തിന് ആവശ്യമായ കെട്ടിടം, ഫർണസ്, ജനറേറ്റർ, ജനറേറ്റർ ഷെഡ്എന്നിവയാണ് സ്ഥാപിക്കേണ്ടത്. കരാർ പ്രകാരം ഗ്യാസ് ക്രിമിറ്റോറിയം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 31.12.2016 നാണ്. 20 ശതമാനം പ്രവൃത്തി പോലും പൂർത്തീകരിച്ചിട്ടില്ല.

കോസ്റ്റ് ഫോർഡിന് നൽകിയ തുകയിൽ 4 ലക്ഷം രൂപ LPG Fired Furnace

വാങ്ങിക്കുന്നതിനായി HI Teck Crematorium Pvt Ltd , Melathil Bunglaw,

Angadickal, Kaipattoor, Pathanamthitta എന്ന സ്ഥാപനത്തിന് നിർവ്വഹണ ഏജൻസിയായ കോസ്റ്റ്ഫോർഡ് നൽകിയിട്ടുണ്ട്.കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് മുൻപായി LPG Fired Furnace വാങ്ങിക്കുന്നതിനായി മുൻകൂറായി 4 ലക്ഷം രൂപ നൽകിയ കോസ്റ്റ് ഫോർഡിന്റെ നടപടി ശരിയല്ല. സ്ഥലം പരിശോധന നടത്തി നിർമ്മിക്കുന്ന കെട്ടിടത്തിൻെറ തറ നിർമ്മിച്ച് മണ്ണ് ഫില്ല് ചെയ്ത് LPG Fired Furnace വെയിലും മഴയും കൊള്ളുന്ന വിധത്തിൽ സ്ഥലത്ത് സുരക്ഷിതമല്ലാതെ ഇറക്കിയിരിക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## **3-20** <u>തെരുവു വിളക്കുകൾ **LED** ലൈറ്റ് ആക്കി മാറ്റിയിട്ടും കൂടിയ നിരക്കിൽ വൈദ്യുതി ചാർജ് അടക്കുന്നു.</u>

കൽപ്പറ്റ നഗരസഭയിൽ 2015-16 വർഷത്തിൽ (2014-15 spilover)നഗരജ്യോതി LED ലൈറ്റ് സിസ്റ്റം സ്ഥാപിക്കൽ എന്ന പദ്ധതി (projest no 151/2016) പ്രകാരം ഊർജ്ജ ഉപഭോഗം കൂടുതലുള്ള സാധാരണ ബൾബുകളും ഫ്ളൂറസന്റ് ട്യൂബുകളും മാറ്റി കുറഞ്ഞ ഉപഭോഗം ഉള്ള LED ലൈറ്റ് സിസ്റ്റത്തിലേക്ക് മാറുന്നതിന് തീരുമാനിച്ചു. മേൽ പദ്ധതി പ്രകാരം നിലവിലുള്ള 200 പോസ്റ്റുകളിലെ ലൈറ്റുകൾ മാറ്റി പകരം LED ലൈറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റിന് 5000 രൂപ(ഫിറ്റിംഗ് ഉൾപ്പടെ) നിരക്കിൽ ആകെ 10 ലക്ഷം രൂപക്ക് SIDCO യെ ഏൽപ്പിച്ചു. 12/3/15 ൽ ഉണ്ടാക്കിയ കരാർ പ്രകാരം SIDCO 18/6/15 ൽ മുഴുവൻ പ്രവൃത്തികൾ പൂർത്തീകരിച്ചു.നഗരസഭാ പ്രദേശത്തെ തെരുവു വിളക്കുകളുടെ ബിൽ പരിശോധിച്ചപ്പോൾ 18/6/15 ൽ മേൽ പദ്ധതി നടപ്പാക്കുന്നതിന് മുമ്പുള്ള അതേ തുക തന്നെയാണ് വൈദ്യുതി ചാർജ്ജായി ഈടാക്കുന്നത് .വലിയ തോതിൽ ഊർജ്ജ ഉപഭോഗം കുറഞ്ഞതും താരീഫ് നിരക്ക് കുറഞ്ഞതുമായ LED ലൈറ്റ് സ്ഥാപിച്ചതിലൂടെ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന വൈദ്യുതി ചാർജ്ജിലെ കുറവ് നാളിതുവരെയായും ലഭിച്ചിട്ടില്ല.2015 ജൂലൈ മുതലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ലൈറ്റ് ഇനം | Watt | കത്തുന്ന മണിക്കൂർ | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|---|
| Ordinary bulb | 60 | 12 | 158 | 94 | 14852 |
| Fluresent tube(dual) | 80 | 12 | 42 | 124 | 5208 |
| | ആകെ | | 200 | | 20060 |
| LED light | 15 | 12 | 200 | 12 | 2400 |
| | ആകെ | | | | 2400 |
| | വ്യത്യാസം | | | | 17660 |

2015 ജൂലൈ മുതൽ പ്രതിമാസം 17660 രൂപ അധികം നൽകി. ആകെ (9 X 17660) 158940 രൂപ 2015-16 ൽ അധികം നൽകിയിട്ടുണ്ട്.158,940 അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-21 തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റ പണി

2015-16 വർഷം തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റ പണിക്കായി 3.6.15 ന് ടെണ്ടർ ക്ഷണിച്ചു. 23.6.15 നാണ് ശ്രീ സുന്ദർലാലിന്റെ ടെണ്ടർ അംഗീകരിച്ചത്. അംഗീകരിച്ച നിരക്ക് single- CFL 750, Double CFL- 980,CFL 11W- 600, sodium vapour lamp -2220, high mast 22000. High mast light 3 no, CFL-174 no, single tube-113 no, double tube-10 no എന്നിവ റിപ്പയർ ചെയ്തു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ vr 51500702/25.9.15 പ്രകാരം 262300 രൂപ നൽകി.ഇതിനു ശേഷം തെരുവുവിളക്കുകൾ റിപ്പയർ ചെയ്തിട്ടില്ല എന്ന പരാതികൾ ധാരാളം ലഭിക്കുകയുണ്ടായി.കരാറുകാരന് നോട്ടീസ് നൽകിയെങ്കിലും തൃപ്തികരമായ മറുപടി കരാറുകാരൻ നൽകിയില്ല. ഇതിനു ശേഷം vr51600664/9.9.16 പ്രകാരം 300000/- രൂപ കരാറുകാരന് നൽകി. 26.10.16 ന് തെരുവുവിളക്കുകളുടെ ചുമതലയുള്ള ഓവർസിയർ തയ്യാറാക്കിയ റിപ്പോർട്ട് താഴെ പറയും വിധമാണ്.

" ശ്രീ സുന്ദർ മോഹൻ കരാർ നം 36/15-16 പ്രകാരം 24.6.15 മുതൽ ഒരു വർഷത്തേക്ക് ആണ് വാർഷിക അറ്റകുറ്റ പണി ഏറ്റെടുത്തത്. 2016-17 ലെ AMC തയ്യാറാക്കുന്നതിനു വേണ്ടി സൈറ്റ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ലൈറ്റുകൾ പ്രവർത്തിക്കുന്നില്ല .

| വാർഡ് നം | പ്രവർത്തിക്കാത്ത വിളക്കുകളുടെ എണ്ണം |
|---|---|
| 1 | 19 |
| 2 | 15 |
| 3 | 30 |
| 4 | 42 |
| 5 | 13 |
| 6 | 52 |
| 7 | 18 |
| 8 | 27 |
| 9 | 41 |

| | |
|---|---|
| 10 | 22 |
| 11 | 21 |
| 12 | 12 |
| 13 | 20 |
| 14 | 31 |
| 15 | 22 |
| 16 | 32 |
| 17 | 11 |
| 18 | 23 |
| 19 | 13 |
| 20 | 14 |
| 21 | 12 |
| 22 | 2 |
| 23 | 5 |
| 24 | 19 |
| 25 | 21 |
| 26 | 13 |

| | |
|---|---|
| 27 | 30 |
| 28 | 16 |
| ടൌൺ | 60 |
| ആകെ | 656 |

2015-16 വർഷം തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റ പണിക്കായി കരാർ ഏറ്റെടുത്ത സുന്ദർലാൽ വാർഷിക അറ്റകുറ്റ പണി നടത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.നഗരസഭക്കുണ്ടായ കഷ്ട നഷ്ടങ്ങൾക്ക് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ്. മറുപടി നൽകേണ്ടതാണ്.

## 3-22 <u>തെരുവു വിളക്കുകളുടെ കണക്ക് കാലികമല്ല.</u>

2015-16 വർഷത്തിൽ high mast light ഒഴികെയുള്ള തെരുവു വിളക്കുകൾക്ക് പ്രതിമാസം 95598/- രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടച്ചുവരുന്നു. താഴെ പറയും വിധമാണ് നിലവിലെ തെരുവു വിളക്കുകളുടെ എണ്ണവും നിരക്കും.

| Type of lamp | Watt | Burning hours | No of lamp | Rate | amount |
|---|---|---|---|---|---|
| Sodium vapour | 70 | 12 | 5 | 116 | 580 |
| Sodium vapour | 250 | 12 | 94 | 414 | 38916 |
| Fluresent tube | 80 | 12 | 129 | 124 | 15966 |
| Fluresent tube | 40 | 12 | 398 | 61 | 24728 |
| Ordinary bulb | 60 | 12 | 158 | 94 | 14852 |

| | | | | | |
|---|---|---|---|---|---|
| CFL | 22 | 12 | 44 | 14 | 616 |
| CFL | 72 | 12 | 8 | 45 | 360 |
| | ആകെ | | 836 | | 95598 |

2013-14,2014-15,2015-16 വർഷങ്ങളിലായി ഫ്ളൂറസന്റ് ട്യൂബുകൾ, സാധാരണ ബൾബുകൾ എന്നിവ മാറ്റി LED, CFL എന്നിവ പുതുതായി സ്ഥാപിച്ചിട്ടുണ്ട്. ഊർജ്ജ ഉപഭോഗം കൂടുതലുള്ള സാധാരണ ബൾബുകളും ഫ്ളൂറസന്റ് ട്യൂബുകളും മാറ്റി കുറഞ്ഞ ഉപഭോഗം ഉള്ള LED, CFL എന്നിവ സ്ഥാപിച്ചിട്ടും ഉയർന്ന നിരക്കാണ് അടച്ചുകൊണ്ടിരിക്കുന്നത്.

KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ

എണ്ണം കാലികമാക്കേണ്ടതാണ്.

## 3-23 കന്നുകുട്ടി പരിപാലനം പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താക്കൾക്കായി അടച്ച തുക തിരികെ ലഭ്യമാക്കണം

പ്രോജക്ട് നം. - S/12/2016 (കന്നുകുട്ടി പരിപാലനം)

അടങ്കൽ - 400000/- രൂപ (വികസനഫണ്ട് 4 ലക്ഷം രൂപ )

നിർവ്വഹണം - സീനിയർ വെറ്റിനറി സർജൻ

ചെലവ് - 4 ലക്ഷം രൂപ (വികസനഫണ്ട്) ബിൽ നം 1/2015-16/29.3.16

കന്നുകുട്ടി പരിപാലന പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 64 ഗുണഭോക്താക്കൾക്കായി 6250/- രൂപ വീതം 4 ലക്ഷം രൂപ (പ്ലാൻ) പ്രകാരം ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകി.കന്നുകുട്ടി പരിപാലന പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 96 ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ പദ്ധതിയിൽ നിന്നും ഒഴിവായി.

| ക്രമനം | പേര് | കൈപറ്റിയസബ്സിഡി തുക | ബാക്കിതുക |
|---|---|---|---|
| 1 | അഭിലാഷ് എമിലി | 0 | 6250 |
| 2 | ഏലിയാമ്മ | 0 | 6250 |
| 3 | കുഞ്ഞിമുഹമ്മത് | 457 | 5793 |
| 4 | മണി കെ | 457 | 5793 |

| | | | |
|---|---|---|---|
| 5 | ഷെരീഫ് | 457 | 5793 |
| | | 1359 | 29879 |

കന്നുകുട്ടി പരിപാലന പദ്ധതിയിൽ പദ്ധതിയിൽ നിന്നും ഒഴിവായ 5 ഗുണഭോക്താക്കൾക്കായി പ്ലാൻ വിഹിതം ഇനത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ അടച്ച 31250 രൂപയിൽ 1359രൂപ ചെലവഴിച്ചു.ബാക്കി 29879 രൂപ തിരികെ ലഭ്യമാക്കി ട്രഷറിയിൽ അടക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 വെള്ളക്കരം - പൊതു ടാപ്പുകളുടെ എണ്ണം കാലികമല്ല.

2015-16 വർഷത്തെ വെള്ളക്കരം ചാർജായി താഴെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | വൌച്ചർ നം./ചെക്ക് നം.തീയതി | തുക |
|---|---|---|
| 1 | 65/4/15 | 145854 |
| 2 | 177/5/15 16.5.15 | 145854 |
| 3 | 245/6/15 12.6.15 | 145854 |
| 4 | 51500406/21.7.15 | 145854 |
| 5 | 51500504/22.8.15 | 145854 |
| 6 | 51500647/17.9.15 | 145854 |
| 7 | 51500786/15.10.15 | 145854 |
| 8 | 51500918/13.11.15 | 145854 |
| 9 | 494454/18.1.16 | 145854 |
| 10 | 494450/16.2.16 | 145854 |
| 11 | 494512/16.2.16 | 145854 |
| 12 | 51501427/18.3.16 | 145854 |

222 ടാപ്പുകൾക്ക് ടാപ്പ് ഒന്നിന് പ്രതിവർഷം 7884/- രൂപ ചാർജിനത്തിൽ അടച്ചു വരുന്നു. ഇത് സംബന്ധിച്ച് ടാപ്പുകൾ പ്രവർത്തിക്കുന്നില്ല എന്ന് പരാതി ലഭിച്ചിരുന്നു. നഗരസഭാ കൌൺസിലിന്റെ 30.5.16 ലെ15-ാം തീരുമാനം പ്രകാരം നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ ഉപയോഗിക്കാത്ത ടാപ്പുകൾ ഉണ്ടെന്നും അവയുടെ കണക്ക് എടുത്ത് ഉപയോഗശൂന്യമായവ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഹെൽത്ത്,പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ ചുമതലപ്പെടുത്തി. 28.10.16 ന് സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചെങ്കിലും നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്താൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-25 വാഹനങ്ങളുടെ ലോഗ് ബുക്ക് - ക്രമക്കേടുകൾ.

നഗരസഭയിൽ ഉള്ള വാഹനങ്ങളുടെ ലോഗ് ബുക്ക് എഴുതുന്നതിലും വാഹനങ്ങൾ ഉപയോഗിക്കുന്നതിലും ഒട്ടേറെ അപാകതകൾ ഉണ്ട് ഉദാഹരണം ചുവടെ ചേർക്കുന്നു.

വാഹനം KL12 J 7998 ചെയർപേഴ്സന്റെ വാഹനത്തിലെ ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ.

1)

| തീയതി -സമയം | വാഹനം ഉപയോഗിച്ച ആൾ | സഞ്ചരിച്ച റൂട്ട് |
|---|---|---|
| 15.9.2015<br>8.30am to 11.45pm | P P ALI<br>chairman | നെടുങ്ങോട് -മുണ്ടേരി-കൽപ്പറ്റ ടൌൺ-പുൽപ്പാറ-റാട്ടകൊല്ലി-ഓഫീസ്-കാക്കവയൽ-തെനേരി-ഓഫീസ്-മാനന്തവാടി-ഓഫീസ്-കോഴിക്കോട് റെയിൽവെ സ്റ്റേഷൻ-കൽപ്പറ്റ |

ചെയർമാന്റെ യാത്രബിൽ പ്രകാരം 15.9.2015 ന് ചെയർമാൻ തിരുവനന്തപുരത്ത് UIDSSMT സംബന്ധിച്ച മീറ്റിംഗിൽ പങ്കെടുക്കുകയായിരുന്നു.

2)

| തീയതി -സമയം | വാഹനം ഉപയോഗിച്ച ആൾ | സഞ്ചരിച്ച റൂട്ട് |
|---|---|---|
| 16.2.2016<br>10.30am to 6pm | BINDU JOSE<br>chairperson | കൽപ്പറ്റ -കളക്ടറേറ്റ്-പുളിയാർമല-മുണ്ടേരി-ഓഫീസ്-മുണ്ടേരി സ്കൂൾ ഹോസ്റ്റൽ-പെരുന്തട്ട സ്കൂൾ-ഓഫീസ്-ചുണ്ടേൽ-ബത്തേരി മുനിസിപ്പാലിറ്റി-കൽപ്പറ്റ |
| 21.2.2016<br>8am to 9am | BINDU JOSE<br>chairperson | കൽപ്പറ്റ -പുത്തൂർവയൽ-ഓണിവയൽ-ചേനമലകോളനി-കൽപ്പറ്റ |

ചെയർപേഴ്സന്റെ യാത്രബിൽ പ്രകാരം 16.2.2015, 21.2.2015 തീയതികളിൽ ചെയർപേഴ്സൺ യഥാക്രമം തിരുവനന്തപുരത്തും തൃശ്ശൂരും മീറ്റിംഗിൽ പങ്കെടുക്കുകയായിരുന്നു. ഗുരുതരമായ ഇത്തരം വീഴ്ചകൾക്ക് മറുപടി നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | സ്ഥാപനം | പ്രവൃത്തി | തുക |
|---|---|---|---|
| | | | ഇല്ല |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 . വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവനനിർമ്മാണം | സ.ഉ (എം.എസ്) 90/15 തസ്വഭവ | 19500000/- | 14378750 | 2,00,000 | | 15874937 |

| | | | | | | |
|---|---|---|---|---|---|---|
| | dtd 14.03.2013 | | | | | |

വാർഷിക കണക്ക് പ്രകാരം, ഐ.ഡി.എസ്.എം.റ്റി., പദ്ധതി, കെ.യു.ആർ.ഡി. എഫ്.സി.സി. പദ്ധതി, മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ലോൺ, ബാങ്ക് ലോൺ എന്നിവ കാണിച്ചിട്ടുണ്ടെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക് പ്രകാരം

| വർഷം | 2015-16 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല. |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| 1000000 | |

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 3- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 26,86,35,839.88 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 23,16,22,861 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3,10,263 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2762374 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 1,99,936 | ലയണൽ ഹാർവി സഫ്ലികം മുൻസിപ്പൽ എഞ്ചിനീയർ |
| 3-6(1) | | 39950 | ലയണൽ ഹാർവി സഫ്ലികം മുൻസിപ്പൽ |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 3-6(2) | | 5593 | ലയണൽ ഹാർവി സഫ്ഷികം മുൻസിപ്പൽ എഞ്ചിനീയർ |
| 3-6(3) | | 3584 | ലയണൽ ഹാർവി സഫ്ഷികം മുൻസിപ്പൽ എഞ്ചിനീയർ |
| 3-18 | | 61200 | കെ.മനോഹർ നഗരസഭ സെക്രട്ടറി |
| ആകെ | | 310263 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 50,000 | ഡോ.സച്ചിൻ കുമാർ സൂപ്രണ്ട് . ഗവ.ആശുപത്രി കൽപ്പറ്റ |
| 3-5 | 3,26,982 | ലയണൽ ഹാർവി സഫ്ഷികം മുൻസിപ്പൽ എഞ്ചിനീയർ |
| 3-8 | 1,01,481 | ലയണൽ ഹാർവി സഫ്ഷികം മുൻസിപ്പൽ എഞ്ചിനീയർ |
| 3-9 | 4,19,911 | ലയണൽ ഹാർവി സഫ്ഷികം മുൻസിപ്പൽ എഞ്ചിനീയർ |
| 3-12 | 10,00,000 | കെ.മനോഹർ, നഗരസഭ സെക്രട്ടറി |
| 3-15 | 100000 | |
| 3-16 | 764000 | |
| | 2762374 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര് ഉദ്യോഗപേര് | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലയണൽ ഹാർവി സഫ്ടികം<br>മുൻസിപ്പൽ എഞ്ചിനീയർ | മുൻസിപ്പൽ എഞ്ചിനീയർ<br>കൽപ്പറ്റ നഗരസഭ | സ്ഫടികം<br>എമിലി ,കൽപ്പറ്റ |
| കെ.മനോഹർ<br>നഗരസഭ സെക്രട്ടറി | നഗരസഭ സെക്രട്ടറി<br>തളിപ്പറമ്പ് നഗരസഭ | കക്കണ്ടിയിൽ ,മേമുണ്ട,<br>വടകര |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93 | എൽ.എഫ്.ഡബ്ലു.ഇ2.181/2009 തീയതി.3.3.09 |
| 1993-95 | എൽ.എഫ്.ഡബ്ലു.പി1.633/2008 തീയതി.20.3.09 |
| 1995-96 | എൽ.എഫ്.ഡബ്ലു.പി 2.724/2008 തീയതി.15.4.09 |
| 1996-97 | എൽ.എഫ്.ഡബ്ലു.ഇ2.204/2008 തീയതി.24.1.09 |
| 1997-98 | എൽ.എഫ്.ഡബ്ലു.ഇ4.431/2015 തീയതി.21.3.15 |
| 1998-99 | എൽ.എഫ്.ഡബ്ലു.ഇ4.278/2013 തീയതി.16.5.13 |
| 1999-00 | എൽ.എഫ്.ഡബ്ലു.ഇ4.303/2013 തീയതി.8.7.13 |
| 2000-01 | എൽ.എഫ്.ഡബ്ലു.ഇ4.302/2013 തീയതി.8.7.13 |
| 2001-02 | എൽ.എഫ്.ഡബ്ലു.ഇ4.604/2013 തീയതി.25.8.14 |
| 2002-03 | എൽ.എഫ്.ഡബ്ലു.ഇ4.463/2007 തീയതി.18.11.08 |
| 2003-04 | എൽ.എഫ്.ഡബ്ലു.ഇ2.759/2013 തീയതി.15.1.10 |
| 2004-05 | എൽ.എഫ്.ഡബ്ലു.ഇ2.562/2009 തീയതി.2.1.10 |
| 2005-06 | എൽ.എഫ്.ഡബ്ലു.ഇ2.562/2009 തീയതി.11.2.10 |
| 2006-07 | എൽ.എഫ്.ഡബ്ലു.ഇ4.473/2014 തീയതി.24.7.13 |
| 2007-08 | എൽ.എഫ്.ഡബ്ലു.ഇ2.859/2012 തീയതി.21.11.12 |
| 2008-09 | എൽ.എഫ്.ഡബ്ലു.ഇ2.97/2010 തീയതി.2.2.10 |
| 2009-10 | എൽ.എഫ്.ഡബ്ലു.ഇ2.858/2012 തീയതി.21.1.13 |
| 2010-11 | എൽ.എഫ്.ഡബ്ലു.ഇ2.932/2009 തീയതി.12.5.13 |
| 2011-12 | എൽ.എഫ്.ഡബ്ലു.ഇ4.1036/2014 തീയതി.24.3.15 |
| 2012-13 | എൽ.എഫ്.ഡബ്ലു.ഇ4.21/2015 തീയതി.3.7.15 |
| 2013-14 | കെ.എസ്.എ.ഡബ്ലു.വൈ.ഡി.എം.1.866/15 തീ.3.3.16 |
| 2014-15 | കെ.എസ്.എ.ഡബ്ലു.വൈ.ഡി.എം.1.426/16 തീ. 04.07.2016 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

# **Annexure-1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)എം2-70/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

തിയ്യതി: 7/2/2017.

Phone- 04936 203672
Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും നഗരപാലിക രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2015-16 31.3.2016-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിൻെറ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൽപ്പറ്റ മുനിസിപ്പാലിറ്റി 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

## AUDIT CERTIFICATE

No. KSA.(WYD)M2/ 70/2017

Kerala State Audit Department

District Audit Office,

Wayanad, Kalpetta ,

Dated:7/2/2017.

Email- dowyd.ksad@kerala.gov.in

## CERTIFICATE

Certified that I have examined the Annual Financial Statement of Kalpetta Municipality in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Kalpetta Municipality for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Senior Deputy Director

District Audit office, Wayanad.